www.thejasonline.com
THEJAS DAILY PUBLISHED FROM KOZHIKODE, THIRUVANANTHAPURAM, KOCHI AND KANNUR
Regd No: KERMAL/2006/16289 Vol.No-4 issue-189. 16 പേജ് ■ 4.50 രൂപ

2
ആഗസ്ത് 2009
ഞായർ
കോഴിക്കോട്

# തേജസ്

റംസാൻ ഉംറ പാക്കേജ്
● റംസാൻ 4-ന് കോഴിക്കോട് നിന്നും പുറപ്പെട്ട് പെരുന്നാളിന് ശേഷം തിരിച്ചെത്തുന്നു. ● ചരിത്ര പ്രധാനസ്ഥലങ്ങളിൽ സന്ദർശനം. ● കേരളീയ ഭക്ഷണം.
● വിവിധ നിരക്കിലുള്ള വ്യത്യസ്തമായ പാക്കേജുകൾ ലഭ്യമാണ്.
● പാക്കേജ് അല്ലാതെയും ഉംറ വിസ അടിച്ചു കൊടുക്കുന്നതാണ്.
CALL: 9446066999, 9496005902 alhind TOURS & TRAVELS PVT.LTD.
Regd Office: Western Complex Mavoor rd Calicut Tel: 0495-2728851 9447115891
2009 ലെ ഹജ്ജ് ബുക്കിംഗ് തുടരുന്നു.

# വിളക്കണഞ്ഞു

■ സ്വന്തം പ്രതിനിധി

**മലപ്പുറം:** മുസ്‌ലിംലീഗ് സംസ്ഥാന പ്രസിഡന്റ് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ അന്തരിച്ചു. 73 വയസ്സായിരുന്നു. ഇന്നലെ രാത്രി 8.40ഓടെസ്വകാര്യ ആശുപത്രിയിലായിരുന്നു അന്ത്യം.

ശനിയാഴ്ച പുലർച്ചെ മൂന്നുമണിയോടെ വീട്ടിലെ കുളിമുറിയിൽ വീണതിനെ തുടർന്നാണു മലപ്പുറത്തെ സ്വകാര്യ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. പുലർച്ചെ മൂന്നേകാലോടെ തന്നെ ആശുപത്രിയിലെത്തിച്ച തങ്ങൾക്ക് ചുണ്ടിനു നേരിയ മുറിവല്ലാതെ മറ്റ് അസ്വാസ്ഥ്യങ്ങൾ ഉണ്ടായിരുന്നില്ല. മുറിവിൽ രണ്ടു തുന്നിട്ടശേഷം ആശുപത്രിയിൽ നിരീക്ഷണത്തിലായിരിക്കവെയാണ് രാത്രി ഹൃദയാഘാതത്തെ തുടർന്നു മരിച്ചത്.

രാത്രി എട്ടുമണിവരെ കാര്യമായ അസുഖങ്ങളൊന്നും തങ്ങൾക്കുണ്ടായിരുന്നില്ലെന്ന് ആശുപത്രിവൃത്തങ്ങൾ പറഞ്ഞു. അതുവരെ ബന്ധുക്കളോടും മക്കളോടുമൊന്നിച്ചു സമയം ചെലവഴിച്ചിരുന്നു. എട്ടരയോടെ ചെറിയ ക്ഷീണമുണ്ടെന്നു തങ്ങൾ തന്നെ പറഞ്ഞതുപ്രകാരം പരിശോധന നടത്തിയ ഡോക്ടർമാർ ഐ.സി.യുവിൽ നിരീക്ഷണത്തിലാക്കി. അതിനിടെയാണ് ഹൃദയാഘാതമുണ്ടായത്. 8.40ഓടെ മരിച്ചുവെങ്കിലും 8.45ഓടെയാണു സ്ഥിരീകരിച്ചത്. മരണസമയത്ത് ഭാര്യ ആയിഷക്കുട്ടി കൂടെയുണ്ടായിരുന്നു. മരണവാർത്ത പരന്നതോടെ വൻ ജനാവലി ആശുപത്രിക്കു മുൻവശം ത

വിടെനിന്നു സ്കോളർഷിപ്പോടെ പഠനം പൂർത്തിയാക്കി. മാലി ദ്വീപ് പ്രസിഡന്റായിരുന്ന മഅ്മൂൻ അബ്ദുൽ ഖയ്യൂം അടക്കമുള്ള വിവിധ രാഷ്ട്രനേതാക്കൾ അവിടെ ശിഹാബ് തങ്ങളുടെ സഹപാഠികളായുണ്ടായിരുന്നു.

കെയ്റോയിൽ സൂഫിസത്തിൽ ആകൃഷ്ടനായിരുന്ന ശിഹാബ് തങ്ങൾ വിവിധ സൂഫി ചിന്തകരുടെ ശിഷ്യത്വം സ്വീകരിച്ചിരുന്നു. വിദ്യാർഥിയായിരിക്കെ മലയാളത്തിലും അറബിയിലുമായി നിരവധി ലേഖനങ്ങൾ എഴുതി. പഠനം പൂർത്തിയാക്കിയ ശിഹാബ് തങ്ങൾക്കു സർവകലാശാലയിൽ തന്നെ അധ്യാപകനാവാനുള്ള ക്ഷണം കിട്ടിയിരുന്നുവെങ്കിലും പിതാവ് പൂക്കോയ തങ്ങൾ നിരസിക്കുകയായിരുന്നു.

സമസ്ത പ്രസിഡന്റായിരുന്ന സയ്യിദ് അബ്ദുർറഹ്മാൻ ഇമ്പിച്ചിക്കോയ തങ്ങൾ അൽഅസ്ഹരി ഇതേക്കുറിച്ചു പൂക്കോയ തങ്ങൾക്കു കത്തെഴുതിയിരുന്നുവെങ്കിലും തനിക്കു പണം വേണ്ട; കോയമോനെ മതിയെന്നായിരുന്നു മറുപടി. അന്ന് അൽഅസ്ഹർ യൂനിവേഴ്സിറ്റി അധികൃതരുടെ ക്ഷണം സ്വീകരിച്ച് അധ്യാപകനായിരുന്നുവെങ്കിൽ, ശിഹാബ് തങ്ങൾ എന്ന മത-രാഷ്ട്രീയനേതാവിനു പകരം ലോകപ്രശസ്തനായ ഒരു പ്രഫഷനൽ അറബിക് സാഹിത്യപ്രതിഭയെ ആയിരിക്കും കേരളത്തിനു ലഭിക്കുക.

മുസ്‌ലിംലീഗ് അഖിലേന്ത്യാ പ്രസിഡന്റായിരുന്ന ബാഫഖി തങ്ങളുടെ മകൾ ശരീഫ ഫാത്തിമാ ബീവിയാണു ഭാര്യ. 2006ൽ ചികിൽസാവശ്യാർഥം



## ഖബറടക്കം ഇന്ന് 3 മണിക്ക് പാണക്കാട് ജുമാ മസ്ജിദിൽ

സ്തീൻ, ഇറാൻ, യമൻ, മലേസ്യ തുടങ്ങിയ രാജ്യങ്ങൾ സന്ദർശിച്ചിട്ടുണ്ട്.

39ാം വയസ്സിലാണ് ശിഹാബ് തങ്ങൾ മുസ്‌ലിംലീഗ് പ്രസിഡന്റ്സ്ഥാനം ഏറ്റെടുക്കുന്നത്. തങ്ങൾ ലീഗ് അധ്യക്ഷപദവി ഏറ്റെടുത്തു 30 വർഷം തികയുന്ന ചടങ്ങിൽ കോഴിക്കോട്ട് നടന്ന പരിപാടി ഉദ്ഘാടനം ചെയ്യാനായി സോണിയാഗാന്ധി വന്നിരുന്നു. മുസ്‌ലിംലീഗ് പ്രസിഡന്റ് പദവിക്കു പുറമെ 2500ഓളം മഹല്ലുകളുടെ ഖാസിയും ജാമിഅ നൂരിയ്യ അറബിക് കോളജ്, വളാഞ്ചേരി മർക്കസ്സുത്തർബിയ്യത്തുൽ ഇസ്‌ലാമിയ്യ, മഞ്ചേരി ജാമിഅ ഇസ്‌ലാമിയ്യ തുടങ്ങിയ നിരവധി സ്ഥാപനങ്ങളുടെ പ്രസിഡന്റുമായിരുന്നു അദ്ദേഹം.

പാർട്ടിയിൽ നിന്നുള്ള കേന്ദ്ര-സംസ്ഥാന മന്ത്രിമാരെയും എം.പിമാരെയുമൊക്കെ പ്രഖ്യാപിച്ചിരുന്ന ശിഹാബ് തങ്ങൾ മനസ്സുവച്ചിരുന്നെങ്കിൽ മന്ത്രി, എം.പി, ഗവർണർ തുടങ്ങിയ സ്ഥാനങ്ങൾ കുടുംബത്തെ തേടിയെത്തുമായിരുന്നു. എല്ലാ അധികാര രാഷ്ട്രീയത്തിൽ നിന്നും പൂർണമായി അകന്നുനിന്നുവെന്നതാണ് ശിഹാബ് തങ്ങളുടെ ഏറ്റവും വലിയ സവിശേഷത.

### പ്രധാനമന്ത്രി അനുശോചിച്ചു

**ന്യൂഡൽഹി:** ഇന്ത്യൻ യൂനിയൻ മുസ്‌ലിംലീഗ് സംസ്ഥാനപ്രസിഡന്റ് പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ്തങ്ങളുടെ ദേഹവിയോഗം തന്നെ ഞെട്ടിച്ചുവെന്ന് പ്രധാനമന്ത്രി ഡോ. മൻമോഹൻസിങ് അനുശോചനസന്ദേശത്തിൽ പറഞ്ഞു.

കഴിഞ്ഞ തവണ ഡൽഹിയിൽ വന്നപ്പോൾ തങ്ങൾ കാണിച്ച ഊഷ്മളമായ സൗഹൃദം മറക്കാൻ കഴിയില്ല. ഈ മരണം എന്നെ ഏറെ വിഷമിപ്പിക്കുന്നു. സന്തപ്ത കുടുംബത്തെ അനുശോചനം അറിയിക്കുന്നതായും പ്രധാനമന്ത്രി പറഞ്ഞു.

### അപ്രതീക്ഷിതം: സോണിയാഗാന്ധി

**ന്യൂഡൽഹി:** മുസ്‌ലിംലീഗിന്റെ സമാരാധ്യനായ നേതാവ് ശിഹാബ് തങ്ങളുടെ വിയോഗം അപ്രതീക്ഷിതവും നടുക്കമുളവാക്കുന്നതുമാണെന്ന് കോൺഗ്രസ് അധ്യക്ഷ സോണിയാഗാന്ധി അനുശോചനസന്ദേശത്തിൽ പറഞ്ഞു.

# നഷ്ടമായത് ആധ്യാത്മികാചാര്യനെ

■ സ്വന്തം പ്രതിനിധികൾ

**മലപ്പുറം:** രാഷ്ട്രീയത്തിൽ മാതൃകകൾ കുറയുന്ന കാലത്ത് മാതൃകാപുരുഷനായിരുന്ന പാണക്കാട് തങ്ങളുടെ നിര്യാണം ഉൾക്കൊള്ളാനാവാതെ മലപ്പുറം തേങ്ങി.

ആധ്യാത്മികതയോടെ സമുദായത്തെയും സമൂഹത്തെയും നയിച്ച തങ്ങൾ ഒരു മത സമൂഹത്തിന്റെയും രാഷ്ട്രീയ പാർട്ടിയുടെയും നേതാവെന്നതിലുപരി ജനാധിപത്യ മൂല്യങ്ങൾക്കും സാമൂഹിക നീതിക്കും വേണ്ടി നിലകൊണ്ട കരുത്തനായ വ്യക്തിത്വമായിരുന്നു.

ഇന്നലെ രാത്രി ഒമ്പതുമണിയോടെ മലപ്പുറത്തെ പത്ര ഓഫിസുകളിലേക്ക് നാടിന്റെ നാനാഭാഗത്തു നിന്നും നിലയ്ക്കാത്ത ഫോൺ വിളികളായിരുന്നു. എല്ലാവരുടേതും ഒരേ ചോദ്യമായിരുന്നു കേട്ട വാർത്ത ശരിയാണോ? മറുപടി പറയാനാവാതെ പത്രക്കാരും വിഷമിച്ചു.

നിരവധി മന്ത്രിസഭകൾ ഉണ്ടാക്കാനു മന്ത്രിമാരെയും ജനപ്രതിനിധികളെയും തിരഞ്ഞെടുക്കാനും നേതൃത്വം കൊടുത്ത തങ്ങളോ കുടുംബമോ ഇന്നുവരെ ഒരധികാര സ്ഥാനത്തും എത്തിയിട്ടില്ലെന്നതും ശ്രദ്ധേയമാ ണ്.

കേരളത്തിൽ സമുദായ വിദ്വേഷത്തിന്റെ തീ ആളിക്കത്താൻ പല സാഹചര്യമുണ്ടായപ്പോ ഴും സമുദായം സംയമനം പാലിച്ചത് തങ്ങളുടെ ലളിതമായ വാക്കുകളുടെ മൂർച്ചകൊണ്ടായിരുന്നു.

ബാബരി മസ്ജിദ് തകർന്ന സമയത്തും പെരിന്തൽമണ്ണ തളി ക്ഷേത്രത്തിന്റെ ഗോപുര വാതിൽ കത്തിയ സമയത്തുമെല്ലാം തങ്ങളുടെ സമുദായ മൈത്രിയുടെ താരാട്ടുകേട്ട് സമുദായം സംയമനം പാലിച്ചത് ഏറെ ശ്രദ്ധേയമായിരുന്നു. ശാന്തനും മിതഭാഷിയുമായിരുന്ന അദ്ദേഹം ഉറച്ച തീരുമാനങ്ങളെടുക്കുന്നതിൽ അതിശയകരമായ ധാർമിക ശക്തി പ്രകടിപ്പിച്ചു.

1975 സപ്തംബർ ഒന്നിനു കോഴിക്കോട് ലീഗ് ഹൗസിൽ ചേർന്ന സംസ്ഥാന മുസ്‌ലിംലീഗ് ജനറൽ കൗൺസിൽ യോഗത്തിൽ ശിഹാബ് തങ്ങൾ മുസ്‌ലിംലീഗിന്റെ സംസ്ഥാന അധ്യക്ഷസ്ഥാനമേറ്റെടുക്കുമ്പോൾ തങ്ങളുടെ പ്രായം 39ലെത്തിയിട്ടേയുണ്ടായിരുന്നുള്ളൂ. ലീഗിന്റെ ചരിത്രത്തിലെ ഏറ്റവും ചെറുപ്പക്കാരനായ പ്രസിഡന്റായി ശിഹാബ് തങ്ങൾ അവരോധിക്കപ്പെട്ടു. സ്ഥാനമേൽക്കുമ്പോൾ ഏറനാട് താലൂക്ക് മുസ്‌ലിംലീഗിന്റെ പ്രസിഡന്റായ പരിചയം മാത്രമുണ്ടായിരുന്ന അദ്ദേഹം കുറഞ്ഞ കാലംകൊണ്ട് ഇരുത്തം വന്ന നേതാവായി മാറി.

സാമൂഹികനീതിക്കു വേണ്ടി വിട്ടുവീഴ്ച്ചയില്ലാതെ പോരാടിയ അദ്ദേഹം ഭാരിച്ച ഉത്തരവാദിത്തമുള്ളപ്പോഴും പ്രശ്നങ്ങളെ ശാന്തമായി കൈകാര്യം ചെയ്തു.

കേരളത്തിലങ്ങോളമിങ്ങോളം ഓടിനടന്ന് വിവിധ ചടങ്ങുകളുടെയും യോഗങ്ങളുടെയും ഉദ്ഘാടനങ്ങളിലും ഗൃഹപ്രവേശനങ്ങളിലും പങ്കെടുത്തു പ്രാർത്ഥന നടത്തി ഒരു സമൂഹത്തിന് വഴി കാണിച്ചുകൊടുത്തു തങ്ങൾ.

പിതാവിനെപോലെ തന്നെ ക്ഷമയായിയായിരുന്നു തങ്ങളുടെയും മുഖമുദ്ര. ഏത് രാഷ്ട്രീയ നേതാവിനും ക്ഷമ നഷ്ടപ്പെടുന്ന അപൂർവം അവസരങ്ങളെങ്കിലും ഉണ്ടാകും. എന്നാൽ ശിഹാബ് തങ്ങളുടെ ജീവിതത്തിൽ അത്തരം ഒരു സന്ദർഭം പോലുമുണ്ടായിരുന്നില്ലെന്ന് ശ്രദ്ധേയമാണ്. പ്രസംഗത്തിലായാലും സംസാരത്തിലായാലും മിത ഭാഷയായിരുന്നു അദ്ദേഹം.

മലപ്പുറത്തെ പത്രക്കാർക്കും കൊടപ്പനയ്ക്കൽ ഭവനം എന്നും സ്വന്തമെന്ന പോലെയയിരുന്നു. ഇടയ്ക്കിടെയെത്തുന്ന സംസ്ഥാന ദേശിയ അന്തർദേശീയ നേതാക്കളുടെ സന്ദർശനം, ചർച്ചകൾ, മുസ്‌ലിം ലീഗ് ദേശിയ സമിതിയുൾപ്പെടെയു ള്ള യോഗങ്ങൾ ഇതെല്ലാം റിപോർട്ട് ചെയ്യാനെത്തുന്ന ഓ രോ മാധ്യമപ്രവർത്തകരെയും അടുത്ത് വിളിച്ച് പരിചയപ്പെട്ട് സ്നേഹ സംഭാഷണം നടത്തിയ തങ്ങൾ ഓരോരുത്തരും തങ്ങൾക്ക് വേണ്ടി അലവിക്ക ഒഴിച്ച് നൽകുന്ന ചായ കുടിച്ചാണ് മടങ്ങുന്നതെന്ന് ഉറപ്പുവരുത്താനും മറന്നില്ല. ഇനി ചായതരാൻ അലവിക്കയുണ്ടാവാം. ചായനൽകാൻ പറയാൻ തങ്ങളുണ്ടാവില്ലല്ലോ.

അവസാന കാലം വരെ മുസ്‌ലിം സമുദായത്തിന്റെ ഐക്യത്തിനായി യജ്ഞിച്ച അദ്ദേഹത്തിന്റെ വിയോഗം മുസ്‌ലിം കൈരളിക്ക് താങ്ങാനാവില്ല. ഭിന്നിച്ചു നിൽക്കുന്ന സമുദായ സംഘടനകളെ പരിശുദ്ധ റമദാനിൽ ഒരു മേശയ്ക്ക് ചുറ്റുമിരുത്തി ഇഫ്താർ സംഗമം ഒരുക്കിയിരുന്ന തങ്ങളുടെ വിയോഗം റമദാന്റെ പടിവാതിക്കൽ വെച്ചാണെന്നുള്ളത് സമുദായത്തിന്റെ ആഘാതം വർധിപ്പിക്കുന്നു.

അദ്ദേഹം സമുദായ മൈത്രിയുടെയും സാഹോദര്യത്തിന്റെയും സാമൂഹിക പുരോഗതിയുടെയും മൂല്യങ്ങൾ ശക്തിപ്പെടുത്തിയ നേതാവായിരുന്നു.

കടലുണ്ടി പുഴയുടെ തീരത്ത് അടക്കാത്ത ഗേറ്റു കടന്നെത്തുന്ന കൊടപ്പനയ്ക്കൽ തറവാട്ടിലെ പൂമുഖത്തെ വലിയ വട്ടമേശ, അതിനു പിന്നിൽ ഒരു മനുഷ്യൻ സദാ പുഞ്ചിരിയുമായിരിക്കുന്നു. ചുറ്റിനും നിരാലംബരായ ഒരു ജനത. തങ്ങളുടെ ആരോഗ്യ കുടുംബ, സാമൂഹിക പ്രശ്നങ്ങളുടെ കെട്ട് വേരുകളറക്കാൻ കാത്തിരിക്കുന്നു. ഇനിയാ കാഴ്ച കാണാനാവില്ല. കോയമോനെ ഓർത്ത് പാണക്കാട് തേങ്ങുന്നു. ഒപ്പം ഒരു സമുദായവും സമൂഹവും.......



വിദ്യാർഥിയായിരിക്കെ ഈജിപ്തിലെ സഹപാഠികളോടൊപ്പം (മധ്യത്തിൽ)

# സമന്വയത്തി… …ക്താവ്
# ഇ എം അബ്ദു… …മാൻ


**കൊൽക്കത്ത:** രാഷ്ട്രീയത്തിലും സമുദായത്തിലും സമന്വയത്തിന്റെയും പരസ്പര സഹകരണത്തിന്റെയും വക്താവായിരുന്നു അന്തരിച്ച ശിഹാബ് തങ്ങളെന്ന് പോപുലർ ഫ്രണ്ട് ഓഫ് ഇന്ത്യ അഖിലേന്ത്യാ ചെയർമാൻ ഇ എം അബ്ദുർറഹ്മാൻ ചൂണ്ടിക്കാട്ടി.

എല്ലാ കാര്യത്തിലും മിതത്വം പാലിച്ച തങ്ങൾ കേരള രാഷ്ട്രീയത്തിലും മുസ്‌ലിം സമുദായത്തിലും നികത്താനാവാത്ത വിടവാണ് സൃഷ്ടിച്ചിരിക്കുന്നതെന്നും അദ്ദേഹം പറഞ്ഞു.

## വിയോഗംതീരാനഷ്ടം: എസ്.ഡി.പി.ഐ

**കോഴിക്കോട്:** പാണക്കാട് ശിഹാബ് തങ്ങളുടെ വിയോഗം സമുദായത്തിനും നാടിനും തീരാനഷ്ടമാണെന്ന് സോഷ്യൽ ഡമോക്രാറ്റിക് പാർട്ടി പ്രസിഡന്റ് ഇ അബൂബക്കർ പറഞ്ഞു. സർവസമ്മതനായ ശിഹാബ് തങ്ങൾ മുസ്‌ലിം സംഘടനകളെ ഏകോപിപ്പിക്കുന്നതിലെ മുഖ്യ കണ്ണിയായിരുന്നു.

മതസൗഹാർദത്തിന്റെ വക്താവും കേരള രാഷ്ട്രീയത്തിലെ സുപ്രധാന ചലനങ്ങളിലെ



ബനാത്ത്‌വാലയുടെ കൂടെ

…എൻ മനസ്സിൽ പാട്ടുണരും…

…രുമാനമുണ്ടായിരിക്കുകയും രേ…

…സ്ത്രീകൾക്കും മുത…

FAROOK COLLEGE LIB...

# അധവാ ശിഹാബ് തങ്ങൾ

## പ്രതിസന്ധികളെ പുഞ്ചിരിച്ചകറ്റിയ മഹാത്മാവ്

എം സി വടകര


കേരളരാഷ്ട്രീയത്തിനു സത്യസന്ധതയുടെയും മാന്യതയുടെയും പരിവേഷം നൽകിയെന്നുള്ളതാണ് ശിഹാബ് തങ്ങൾ പൊതുജീവിതത്തിനു നൽകിയ ഏറ്റവും വലിയ സംഭാവന. പുതിയ തലമുറയിലെ ചെറുപ്പക്കാർ രാഷ്ട്രീയത്തിൽ നിന്ന് അകന്നുനിൽക്കുകയും രാഷ്ട്രീയം മാന്യന്മാർക്കു ചേർന്നതല്ല എന്നു ചിന്തിക്കുകയും ചെയ്തിരുന്ന ഒരവസരത്തിൽ തന്റെ ഔന്നത്യമുള്ള വ്യക്തിത്വം കൊണ്ട് രാഷ്ട്രീയത്തിലുള്ള പ്രതീക്ഷകൾ അസ്തമിച്ചുപോയിട്ടില്ലെന്നും ചക്രവാള തിരശ്ശീലയ്ക്കപ്പുറത്ത് ഒരു പുലരിയുണ്ടെന്നും ജനങ്ങളെ ബോധ്യപ്പെടുത്തിയത് അദ്ദേഹമായിരുന്നു.

പർവതസമാനമായ പ്രതിസന്ധികൾ ഉരുണ്ടുകൂടിയപ്പോഴെല്ലാം സൗമ്യമായ പുഞ്ചിരിയോടെ അയത്നലളിതമായി പ്രശ്നപരിഹാരം സാധ്യമാക്കാനുള്ള അദ്ഭുതവിദ്യ അദ്ദേഹത്തിനു സ്വായത്തമായിരുന്നു. സംഘട്ടനത്തിലും കത്തിക്കുത്തിലും അവസാനിക്കുമായിരുന്ന പല കുടുംബവഴക്കുകളും കുടപ്പനക്കലെ പൂമുഖത്തിരുന്ന് ഒരു പുഞ്ചിരിയിൽ പര്യവസാനിപ്പിക്കാൻ കഴിയുമായിരുന്ന മാന്ത്രികതുല്യനായ മധ്യസ്ഥനായിരുന്നു അദ്ദേഹം. 40 വയസ്സ് തികയുന്നതിനു മുമ്പാണ് അദ്ദേഹം പ്രശ്നസങ്കീർണമായ മുസ്‌ലിംലീഗിന്റെ അധ്യക്ഷപദവി ഏറ്റെടുക്കുന്നത്. ആ പ്രായത്തിൽ അത്തരമൊരു പദവി ഏൽക്കേണ്ടിവന്ന ആദ്യത്തെ കേരളീയൻ അദ്ദേഹമായിരിക്കും. 1975 സപ്തംബറിൽ അദ്ദേഹം മുസ്‌ലിംലീഗ് പ്രസിഡന്റ് പദവി ഏറ്റെടുക്കുമ്പോൾ മുസ്‌ലിംലീഗ് അതിന്റെ ചരിത്രത്തിലെ ഏറ്റവും ഗുരുതരമായ പിളർപ്പ് നേരിട്ട സന്ദർഭമായിരുന്നു. പ്രധാനപ്പെട്ട നേതാക്കന്മാരെല്ലാം വിമതപക്ഷത്തേക്കു മാറി. സി എച്ച് മുഹമ്മദ് കോയ സാഹിബിന്റെ മൂർച്ചയേറിയ നാക്കും ശിഹാബ് തങ്ങളുടെ സൗമ്യമായ വാക്കും മാത്രമായിരുന്നു ഔദ്യോഗികപക്ഷത്തിന്റെ മുതൽക്കൂട്ട്. ആ ശൂന്യതയിൽ നിന്ന് ഇന്നു കാണുന്ന മുസ്‌ലിംലീഗ് പ്രസ്ഥാനത്തെ പടുത്തുയർത്തി ഒരു വലിയ രാഷ്ട്രീയശക്തിയാക്കി മാറ്റിയത് പാണക്കാട് ശിഹാബ് തങ്ങളുടെ അസാധ്യമായ വ്യക്തിവൈഭവം കൊണ്ടാണ്. അദ്ദേഹം ഒരു വലിയ പ്രസംഗകനായിരുന്നില്ല. പക്ഷേ, ജനലക്ഷങ്ങളുടെ മനസ്സ് കീഴടക്കാൻ അദ്ദേഹത്തിന്റെ ഒരു മന്ദഹാസം മതിയാവുമായിരുന്നു. ഒരു ആലക്തികശക്തിയെന്നപോലെ മുസ്‌ലിം സമുദായം അദ്ദേഹത്തിൽ ആകർഷിക്കപ്പെട്ടു. ഇന്ത്യ–പാക് യുദ്ധമുണ്ടായപ്പോഴും ബാബരി മസ്ജിദ് തകർക്കപ്പെട്ടപ്പോഴും മാറാട് സംഭവമുണ്ടായപ്പോഴും മനസ്സാന്നിധ്യം കൈവിടാതെ മതേതരത്വത്തിന്റെ പാതയിലൂടെ അദ്ദേഹം മുസ്‌ലിം സമുദായത്തെ നയിച്ചു. മുസ്‌ലിംകളുടെ നേതാവായിക്കൊണ്ടുതന്നെ എങ്ങനെ മനുഷ്യസമൂഹത്തിന്റെ മുഴുവൻ നേതാവാകാം എന്ന് അദ്ദേഹം തന്റെ ലളിതമായ ജീവിതംകൊണ്ട് തെളിയിച്ചു. മികച്ച സഹൃദയനും സാഹിത്യ ആസ്വാദകനുമായിരുന്നു ശിഹാബ് തങ്ങൾ. അദ്ദേഹം കവിതയും ഗാനങ്ങളും ഇഷ്ടപ്പെട്ടിരുന്നു. സംഗീതം അദ്ദേഹത്തിന് ഒരു ലഹരിയായിരുന്നു. അറബി സാഹിത്യത്തിൽ അദ്ദേഹത്തിനുള്ള അവഗാഹം പ്രസിദ്ധമാണ്. അറബിനാടുകളിൽ വളരെ പ്രശസ്ത എഴുത്തുകാരുമായി അദ്ദേഹത്തിന് അടുത്ത ബന്ധമുണ്ടായിരുന്നു. വിദ്യാർഥിയായിരിക്കെ തന്നെ അദ്ദേഹം ഈജിപ്ത് പത്രങ്ങളിൽ ലേഖനങ്ങളെഴുതാറുണ്ടായിരുന്നു. കെയ്റോവിലെ അൽ അസ്ഹർ സർവകലാശാലയിൽ വിദ്യാർഥിയായിരുന്ന കാലത്ത് അവിടത്തെ ഇന്ത്യൻ വിദ്യാർഥി സംഘടനയുടെ പ്രസിഡന്റായിരുന്നു ശിഹാബ് തങ്ങൾ. അക്കാലത്ത് ഇന്ത്യൻ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റു കെയ്റോ സന്ദർശിച്ചപ്പോൾ ഇന്ത്യൻ വിദ്യാർഥിസമൂഹത്തിനു വേണ്ടി പണ്ഡിറ്റ്ജിയെ സ്വീകരിക്കാൻ ശിഹാബ് തങ്ങൾക്ക് അവസരം ലഭിച്ചിരുന്നു. അദ്ദേഹത്തിന്റെ വർണശബളമായ പൊതുജീവിതത്തിന്റെ തുടക്കം അവിടെ ആരംഭിക്കുന്നു.



പി കെ കുഞ്ഞാലിക്കുട്ടി, കെ ആർ ഗൗരിയമ്മ എന്നിവർക്കൊപ്പം

ഒരു പുരുഷായുസ്സ് മുഴുവൻ താൻ ജീവിച്ച സമൂഹത്തിനും താൻ പിറവിയെടുത്ത സമുദായത്തിനും വേണ്ടി ഉഴിഞ്ഞുവയ്ക്കുകയും തന്റെ നിയോഗം പൂർണമായി നിറവേറ്റുകയും ചെയ്തതിനുശേഷം ആരോടും പരിഭവമില്ലാതെ എല്ലാവരുടെയും ആദരവുകൾ ഏറ്റുവാങ്ങി മതേതരത്വത്തിന്റെ രാജകുമാരൻ യാത്രയായി. ശിഹാബ് തങ്ങളുടെ ധന്യമായ ഓർമകൾ നമ്മുടെ വഴിത്താരയിൽ പ്രകാശദീപങ്ങളായി ജ്വലിക്കുമാറാവട്ടെ. അല്ലാഹു അദ്ദേഹത്തിന് ആത്മശാന്തി നൽകുമാറാവട്ടെ.



# വേർപാട് അപ്രതീക്ഷിതം: മുഖ്യമന്ത്രി

മുസ്‌ലിംലീഗ് സംസ്ഥാന പ്രസിഡന്റ് പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ നിര്യാണത്തിൽ മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ അനുശോചിച്ചു. മതനിരപേക്ഷതയ്ക്കുവേണ്ടി അക്ഷീണം പ്രവർത്തിച്ച നേതാവായിരുന്നു പാണക്കാട് തങ്ങളെന്ന് മുഖ്യമന്ത്രി ചൂണ്ടിക്കാട്ടി. പതിറ്റാണ്ടുകളായി കേരളത്തിന്റെ സാമൂഹിക–രാഷ്ട്രീയ രംഗത്ത് നിറ...

...മായിരുന്നു പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളെന്ന് ആഭ്യന്തരമന്ത്രി കോടിയേരി ബാലകൃഷ്ണൻ ചൂണ്ടിക്കാട്ടി. മലബാറിലെ ജനങ്ങളുടെ ആത്മീയനേതാവായി അറിയപ്പെടുന്ന അദ്ദേഹം ഉന്നതമായ മതേതരമൂല്യങ്ങൾ കാത്തുസൂക്ഷിച്ച നേതാവായിരുന്നുവെന്ന് കോടിയേരി പറഞ്ഞു.

...വി രാഘവൻ അനുശോചന സന്ദേശത്തിൽ വ്യക്തമാക്കി.

### ജനതാദൾ

മുസ്‌ലിംലീഗ് സംസ്ഥാന പ്രസിഡന്റും ആത്മീയ നേതാവുമായിരുന്ന പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ നിര്യാണത്തിൽ ജനതാദൾ സംസ്ഥാന ജനറൽ സെക്രട്ടറി ഷെയ്ഖ് പി ഹാരിസ്, യുവജനതാദൾ സംസ്ഥാന ജനറൽ സെ...

...ന്നതമൂല്യങ്ങൾ കാത്തുസൂക്ഷിക്കുകയും ചെയ്ത ഒരു മഹദ് വ്യക്തിയായിരുന്നു തങ്ങൾ.

### ടി ആരിഫലി

സമുദായമൈത്രിക്കും മതസൗഹാർദത്തിനും വിലപ്പെട്ട സംഭാവനകൾ സമർപ്പിച്ച പാണക്കാട് ശിഹാബ് തങ്ങളുടെ വേർപാട് കേരളത്തിനും മുസ്‌ലിം സമുദായത്തിനും കനത്ത നഷ്ടവും ദുഃഖകരവുമാണെ...

### ചെന്നിത്തല

മുസ്‌ലിം ലീഗിന്റെയും സമുദായത്തിന്റെയും സമുന്നതനായ നേതാവ് പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളുടെ ആകസ്മിക നിര്യാണത്തിൽ കെ.പി.സി.സി പ്രസിഡന്റ് രമേശ് ചെന്നിത്തല അനുശോചിച്ചു.

മതേതരമൂല്യങ്ങളുടെ വക്താവിനെയാണ് ശിഹാബ് തങ്ങളുടെ നിര്യാണത്തിലൂടെ...

...ഇ അഹമ്മദ് അനുശോചിച്ചു. എന്റെ എല്ലാമെല്ലാമായിരുന്നു. ശിഹാബ് തങ്ങളുടെ നിലപാടിന് വിരുദ്ധമായി ഒരു തീരുമാനവും ജീവിതത്തിൽ ഇതുവരെ ഞാൻ എടുത്തിട്ടില്ല. എല്ലാ കാര്യങ്ങളും ഹൃദയം തുറന്ന് ശിഹാബ് തങ്ങളുമായി സംസാരിക്കാറുണ്ടായിരുന്നു.

കഴിഞ്ഞ ദിവസം രാവിലെയും മകൻ മുനവ്വറലി ശിഹാബ് തങ്ങളുമായി ബന്ധപ്പെട്ട് സു...

...അനുശോചനസന്ദേശത്തിൽ പറഞ്ഞു.

### മുനീർ

പിതൃതുല്യനായ നേതാവിനെയും സത്യത്തിന്റെ പാതയിലേക്കു നയിച്ച വഴികാട്ടിയെയുമാണു ശിഹാബ് തങ്ങളുടെ വിയോഗത്തോടെ നഷ്ടമായിരിക്കുന്നതെന്ന് മുസ്‌ലിം ലീഗ് സംസ്ഥാന സെക്രട്ടറി ഡോ. എം കെ മുനീർ പറഞ്ഞു.

# പ്രഭ വിതറിയ ധന്യജീവിതം





സഹോദരൻമാരായ ഉമറലി ശിഹാബ് തങ്ങൾ, ഹൈദരലി ശിഹാബ് തങ്ങൾ, സാദിഖലി ശിഹാബ് തങ്ങൾ, അബ്ബാസലി ശിഹാബ് തങ്ങൾ എന്നിവർക്കൊപ്പം

← എ കെ ആന്റണിയുടെ കൂടെ



ഇബ്രാഹിം സുലൈമാൻ സേട്ടു, ഇ അഹമ്മദ് എന്നിവർക്കൊപ്പം



കെ ആർ ഗൗരിയമ്മയുടെ കൂടെ

## പ്രവാചകനിൽ നിന്ന് തുടങ്ങിയ വംശാവലി

1– മുഹമ്മദ് നബി(സ.അ)
2– ഫാത്തിമ (റ)
3– ഇമാം ഹുസയ്ൻ
4– സയ്യിദ് സൈനുൽ ആബിദീൻ അലി
5– സയ്യിദ് മുഹമ്മദുൽ ബാഖിർ
6– സയ്യിദ് ജഅ്ഫർ സാദിഖ്
7– സയ്യിദ് അലിയ്യുൽ ഉറൈളി
8– സയ്യിദ് മുഹമ്മദ്
9– സയ്യിദ് ഈസന്നഖീബ്
10– സയ്യിദ് അഹമ്മദുൽ മുഹാജിർ
11– സയ്യിദ് ആരിഫു ബില്ലാഹി അലവി
12– സയ്യിദ് മുഹമ്മദ്
13– സയ്യിദ് ആരിഫു ബില്ലാഹി അസ്സയ്യിദ് അലവി
14– സയ്യിദ് അലിഖാലി അഖ്സം
15– അൽ ആരിഫു ബില്ലാഹി സാഹിബൽ മിർവാത്ത്
16– സയ്യിദ് വലിയ്യുൽ അലി
17– അസ്സയ്യിദ് മുഹമ്മദുൽ ഫഖീഹുൽ മുഖദ്ദം
18– സയ്യിദ് അലവി
19– സയ്യിദ് അലി
20– സയ്യിദ് മുഹമ്മദ് മൗലദ്ദവീല
21– സയ്യിദ് അബ്ദുർറഹ്മാൻ സഖാഫ്
22– സയ്യിദ് അബൂബക്കർ സഖ്റാൻ
23– സയ്യിദ് ശെയ്ഖ് അലി
24– സയ്യിദ് അബ്ദുർറഹ്മാൻ
25– സയ്യിദ് അഹമ്മദ്
26– സയ്യിദ് ശിഹാബുദ്ദീൻ അഹമ്മദ്
27– സയ്യിദ് ഉമർ
28– സയ്യിദ് ശിഹാബുദ്ദീൻ
29– സയ്യിദ് ഉമർ മഹ്ബൂബ്
30– സയ്യിദ് അലി ശിഹാബുദ്ദീൻ
31– സയ്യിദ് മുഹമ്മദ്
32– സയ്യിദ് അലി
33– സയ്യിദ് അഹമ്മദ്
34– സയ്യിദ് അലി ശിഹാബുദ്ദീൻ
35– സയ്യിദ് ഹുസയ്ൻ
36– സയ്യിദ് മുഹളാർ
37– സയ്യിദ് ഹുസയ്ൻ ആറ്റക്കോയ തങ്ങൾ
38– സയ്യിദ് മുഹമ്മദ് കുഞ്ഞിക്കോയ തങ്ങൾ
39– സയ്യിദ് അഹമ്മദ് പൂക്കോയ തങ്ങൾ
40– മുഹമ്മദലി ശിഹാബ് തങ്ങളും സഹോദരങ്ങളും



കാന്തപുരം എ പി അബൂബക്കർ മുസ്ല്യാരോടൊത്ത്

ആവശ്യമുണ്ട്

വേൾഡ് നമ്പർ 1 എൻജിൻ ഓയിൽ കമ്പനിയായ shell ന്റെ മലബാർ മേഖലാ ഡിസ്ട്രിബ്യൂട്ടറായ റിലാക്സ് മാർക്കറ്റിംഗിന് താഴെ പറയുന്നവരെ ആവശ്യമുണ്ട്.

1. മാനേജർ (കോഴിക്കോട് ഓഫീസ്)
2. മാർക്കറ്റിംഗ് എക്സിക്യൂട്ടീവ്സ് (മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ്)
3. ഗോഡൗൺ കീപ്പർ (കോഴിക്കോട് ജില്ലക്കാർക്ക് മുൻഗണന)

താല്പര്യമുള്ളവർ പാസ്പോർട്ട് സൈസ് ഫോട്ടോപതിച്ച ബയോഡാറ്റ സഹിതം നേരിൽവരിക.

ബഷീർ തിരുനാവായ / മുസ്തഫ കൊമ്മേരി

**Relax Marketing**

Opp: Petrol pump, near post office, Eranhi...

കെ.എസ്.യു ടാലന്റ്

ഖുർആൻ ചരിത്ര...




2009 ആഗസ്ത് 3 തിങ്കൾ

# വർത്തമാനം

VARTHAMANAM MALAYALAM DAILY PUBLISHED FROM KOZHIKODE, KOCHI AND DOHA
കോഴിക്കോട് വാല്യം 7 ലക്കം 212 പേജ് 12 വില 3.25 രൂപ

FAROOK COLLEGE LIBRARY
DATE.......
P.O. FAROOK CO...

Malabar Diabetes Foundation
Health-Safety-Security
Malabar Diabetes Foundation & Research Centre
(A Group Concern of Malabar Eye Hospital & Research Centre)
C.H. Hospital Building, East Nadakkavu, Calicut-673011
Ph: (0495) 2766956, 2766280, 3962445

# നിറമിഴികളോടെ



**മലപ്പുറം:** ശിഹാബ് തങ്ങൾക്ക് കേരള മനസിന്റെ തേങ്ങലോടെയുള്ള യാത്രാമൊഴി. പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ ഭൗതിക ശരീരം പാണക്കാട് ജുമുഅത്ത് പള്ളി ഖബർസ്ഥാനിൽ ഔദ്യോഗിക ബഹുമതികളോടെ ഖബറടക്കി.

ശനിയാഴ്ച രാത്രി പാണക്കാട് ശിഹാബ് തങ്ങളുടെ ചരമവാർത്ത അറിഞ്ഞതു മുതൽ ഒഴുകിയെത്തിയ ജനസാഗരം സൗമ്യതയുടെയും പ്രസന്നതയുടെയും സൗഹാർദത്തിന്റെയും ആൾരൂപമായ രാഷ്ട്രീയ നേതാവിന് അന്ത്യാഞ്ജലി അർപ്പിച്ചു. വിഭാഗീയതകൾക്കപ്പുറത്തേക്ക് തന്റെ പ്രവർത്തനങ്ങളിലുടെ സ്വയം നടന്നുകയറി സമൂഹത്തിന്റെ മുന്നണിപ്പോരാളിയായി മാറിയ ശിഹാബ് തങ്ങളെ അവസാനമായി ഒരുനോക്കുകാണാൻ ജാതി-മത-രാഷ്ട്രീയ ഭേദമന്യേയാണ് ജനങ്ങൾ എത്തിയത്. തങ്ങളുടെ മനോമുകുരത്തിലെ പൂനിലാവിനെ അടുത്തുകാണുവാൻ ലക്ഷക്കണക്കിന് പേർ കിലോമീറ്ററുകളോളം നീണ്ട ക്യൂവിൽ നിന്ന കാഴ്ചയായിരുന്നു ഇന്നലെ മൃതദേഹം പൊതുദർശനത്തിന് വെച്ച മലപ്പുറം മുനിസിപ്പൽ ടൗൺഹാളിലും പാണക്കാട് ജുമാ മസ്ജിദ് ഖബർസ്ഥാനിലുമെല്ലാം കാണാനായത്.

ഇന്നലെ പുലർച്ചെയാണ് പാണക്കാട്ടെ കൊടപ്പനക്കൽ തറവാട്ടിൽ നിന്ന് മൃതദേഹം പൊതുജനസൗകര്യാർഥം പൊതുദർശനത്തിനായി മലപ്പുറം വാരിയംകുന്നത്ത് കുഞ്ഞഹമ്മദ് ഹാജി ടൗൺ ഹാളിലേക്ക് കൊണ്ടുവന്നത്. മരണവാർത്ത അറിഞ്ഞതു മുതൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നും ഗൾഫ് നാടുകളിൽ നിന്നും മുസ്‌ലിം ലീഗ് പ്രവർത്തകരും ശിഹാബ് തങ്ങളെ ആദരിക്കുന്നവരും മലപ്പുറത്തേക്ക് എത്തിത്തുടങ്ങിയിരുന്നു. ഏഴുമണിയോടെയാണ് ടൗൺഹാളിന് മുന്നിൽ പ്രത്യേകം തയ്യാറാക്കിയ പന്തലിലേക്ക് ജനങ്ങൾക്ക് പ്രവേശനം നല്കിയത്. അപ്പോൾ തുടങ്ങിയ ജനങ്ങളുടെ തിരക്ക് ഉച്ചക്ക് രണ്ടുമണിക്ക് പാണക്കാട് ഖബർസ്ഥാനിലേക്ക് മൃതദേഹം കൊണ്ടുപോകുന്നതുവരെ നിലക്കാതെ തുടർന്നു. മുസ്‌ലിം ലീഗ് പ്രവർത്തകരുടെ സംയമനത്തോടെയുള്ള പ്രവർത്തനങ്ങൾ മൃതദേഹം കാണാനെത്തിയവർക്ക് സൗകര്യപ്രദമായി.

പതിനായിരങ്ങൾക്ക് ഒന്നിച്ച് മയ്യിത്ത് നമസ്കരിക്കാനുള്ള സൗകര്യമില്ലാതിരുന്നതിനെ തുടർന്ന് നിരവധി ഘട്ടങ്ങളിലായാണ്





ടൗൺഹാളിൽ മയ്യിത്ത് നമസ്ക്കാരം സംഘടിപ്പിച്ചത്. രാവിലെ ഏഴരക്ക് ശിഹാബ് തങ്ങളുടെ സഹോദരൻ കൂടിയായ പാണക്കാട് ഹൈദരലി ശിഹാബ് തങ്ങളാണ് ആദ്യമായി മയ്യിത്ത് നമസ്ക്കാരത്തിന് നേതൃത്വം നല്കി തുടക്കം കുറിച്ചത്. പിന്നീട് മക്കളായ ബഷീറലി ശിഹാബ് തങ്ങൾ, മുനവ്വറലി ശിഹാബ് തങ്ങൾ, സഹോദരങ്ങളായ സാദിഖലി, അബ്ബാസലി തുടങ്ങി കാന്തപുരം എ പി അബൂബക്കർ മുസല്യാർ ഉൾപ്പെടെയുള്ള നേതാക്കൾ അരമണിക്കൂറിടവിട്ട് നടന്ന മയ്യിത്ത് നമസ്ക്കാരത്തിന് നേതൃത്വം നല്കിയിരുന്നു. ഇരുപത് തവണയാണ് ശിഹാബ് തങ്ങൾക്ക് വേണ്ടി മയ്യിത്ത് നമസ്ക്കാരം നിർവഹിച്ചത്.


രാവിലെ പത്തു മണിയോടെയാണ് മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ ടൗൺഹാളിലെത്തിയത്. കരിപ്പൂരിൽ വിമാനത്തിൽ എത്തിയ അദ്ദേഹം കാർ മാർഗ്ഗം മലപ്പുറത്തെത്തുകയായിരുന്നു. ഏതാനും മിനുട്ടുകൾ അവിടെ ചെലവഴിച്ച് കുടുംബാംഗങ്ങളോട് തന്റെ അനുശോചനമറിയിച്ചാണ് മുഖ്യമന്ത്രി തിരിച്ചുപോയത്. തുടർന്ന് കേന്ദ്രമന്ത്രി വയലാർ രവി, ഖത്തർ പാർലമെന്റ് അംഗം അഹമ്മദ് മുഹമ്മദ് ഉബൈദാൻ എന്നിവർ ടൗൺഹാളിലെത്തി. അഹമ്മദ് മുഹമ്മദ് ഉബൈദാനും മയ്യിത്ത് നമസ്ക്കാരത്തിന് നേതൃത്വം നല്കി. മുഖ്യമന്ത്രി ഉൾപ്പെടെ സംസ്ഥാന മന്ത്രിസഭയിലെ 12 മന്ത്രിമാർ അന്തിമോപചാരം അർപ്പിക്കാനെത്തി. പ്രതിപക്ഷ നേതാവ് ഉമ്മൻചാണ്ടി, കെ പി സി സി പ്രസിഡന്റ് രമേശ് ചെന്നിത്തല, യു ഡി എഫ് നേതാക്കളായ കെ എം മാണി, ആർ ബാലകൃഷ്ണപ്പിള്ള തുടങ്ങിയവരും അന്തിമോപചാരം അർപ്പിക്കാനെത്തി.

ഉച്ചക്ക് പന്ത്രണ്ടേ മുക്കാലോടെയാണ് തങ്ങളുമായി ഏറ്റവും അടുപ്പമുള്ള മുസ്‌ലിം ലീഗ് അഖിലേന്ത്യാ പ്രസിഡന്റുകൂടിയായ കേന്ദ്ര റയിൽവേ സഹമന്ത്രി ഇ അഹമ്മദ് മലപ്പുറത്തെത്തിയത്. ശനിയാഴ്ച പഞ്ചാബിലെ കപൂർത്തലയിലായിരുന്ന അദ്ദേഹം പ്രത്യേക സലൂണിൽ ദൽഹിയിലെത്തിയാണ് വിമാനമാർഗം കരിപ്പൂരിലും റോഡ് മാർഗ്ഗം മലപ്പുറത്തുമെത്തിയത്. ടൗൺഹാളിലെത്തി ശിഹാബ് തങ്ങളുടെ മൃതദേഹം കണ്ടതോടെ ഇ അഹമ്മദ് നിയന്ത്രണം വിട്ട് പൊട്ടിക്കരഞ്ഞു.

ഒരുമണിയോടുകൂടിയാണ് കേന്ദ്ര ആരോഗ്യമന്ത്രി ഗുലാം നബി ആസാദ് ടൗൺ ഹാളിലെത്തിയത്. ഇ അഹമ്മദിനോടൊപ്പം ആസാദും ടൗൺഹാളിൽ മയ്യിത്ത് നമസ്ക്കാരത്തിൽ പങ്കെടുത്തു. കേന്ദ്ര മന്ത്രിസഭയേയും യു പി എയേയും സോണിയയേയും പ്രതിനിധീകരിച്ചാണ് ആസാദ് എത്തിയത്.

ഉച്ചക്ക് രണ്ടുമണിയോടെയാണ് ടൗൺഹാളിൽ നിന്ന് മൃതദേഹം പാണക്കാട് ജുമഅത്ത് പള്ളി ഖബർസ്ഥാനിലേക്ക് കൊണ്ടുപോയത്. പള്ളിവളപ്പിൽ ഔദ്യോഗിക ബഹുമതികൾ കഴിഞ്ഞ് മൂന്നുമണിക്ക് ഖബറിലേക്കെടുത്തു. എന്നാൽ ഖബറടക്കം കഴിഞ്ഞിട്ടും അനേകം അനുയായികൾ ഖബർസ്ഥാനിൽ തങ്ങളുടെ നേതാവിന്റെ ഖബറിടത്തിനടുത്തുണ്ടായിരുന്നു.

അബ്ദുന്നാസർ മഅ്ദനി, കാന്തപുരം എ പി അബൂബക്കർ മുസല്യാർ എന്നീ നേതാക്കൾ ഉൾപ്പെടെ സംസ്കാര ചടങ്ങിലെ സജീവ സാന്നിധ്യമായിരുന്നു.



പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ മൃതദേഹം സന്ദർശിച്ച കേന്ദ്ര റയിൽവേ സഹമന്ത്രിയും ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗ് അഖിലേന്ത്യാ പ്രസിഡന്റുമായ ഇ അഹമ്മദ് പൊട്ടിക്കരയുന്നു

GOLD • DIAMONDS • BIRTHSTONES
ചുങ്കത്ത്
പ്രീമിയർ ജ്വല്ലറി
916 ഗോൾഡ് സൂപ്പർമാർക്കറ്റ്
കൊല്ലം കരുനാഗപ്പള്ളി
അങ്കമാലി ചാലക്കുടി

അരമണിക്കൂർ ഇടവിട്ട് 20 തവണ
മയ്യിത്ത് നമസ്ക്കാരം

ഖബറടക്കം ഔദ്യോഗിക ബഹുമതികളോടെ

മുഖ്യമന്ത്രി ഉൾപ്പെടെ 12 മന്ത്രിമാർ
അന്തിമോപചാരം അർപ്പിക്കാനെത്തി

സ്നേഹത്തിന്റെ നിറപൗർണമി ഇനി ജനഹൃദയങ്ങളിൽ...

കരച്ചിലടക്കാനാകാതെ അഹമ്മദ്; നായകനായി കുഞ്ഞാലിക്കുട്ടി

കിരീടമണിയാത്ത സുൽത്താൻ ഇനി ഓർമയുടെ സിംഹാസനത്തിൽ

ഒഴുകിയെത്തിയത് വിദേശ പാർലമെന്റംഗം മുതൽ
സാധാരണക്കാരൻ വരെ

ആദരാഞ്ജലികളോടെ കേരളം

6
7
12

## ചൂണ്ടാണി

കോഴിക്കോട്ട് ഡെങ്കിപ്പനിയും എലിപ്പനിയും പടരാൻ സാധ്യതയെന്ന് ഐ ഐ എം




എലിപ്പനി തടുക്കാം
തൊരപ്പൻപണി തടുത്തൂടാ

# കൊച്ചി തീരത്തെ എണ്ണ ഖനനം തുടങ്ങി

**കൊച്ചി:** ആദ്യ ഖനനത്തിൽ എണ്ണ കണ്ടെത്തിയില്ലെങ്കിലും കേരള- കൊങ്കൺ തടത്തിലെ ആഴക്കടലിൽ രണ്ടാമത്തെ കിണർ കുഴിക്കാനുള്ള ശ്രമങ്ങൾ ഒ എൻ ജി സി ആരംഭിച്ചു. ചില അനുകൂല സൂചനകൾ ലഭിച്ചതിനെ തുടർന്നാണ് ഖനനം ആരംഭിച്ചതെന്ന് ഒ എൻ ജി സി ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ആർ എസ് ശർമ അറിയിച്ചു. എണ്ണ ഖനനത്തെ കുറിച്ചുള്ള കാര്യങ്ങൾ 100 ദിവസങ്ങൾക്കുള്ളിൽ സ്ഥിരീകരിക്കാൻ സാധിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഖനനം പൂർത്തിയായതിനു ശേഷം മാത്രമേ പര്യവേക്ഷണത്തിന്റെ ഫലം അറിയാനാവുകയുള്ളൂവെന്ന് ഒ എൻ ജി സി ചെയർമാൻ അറിയിച്ചു. ആഴക്കടൽ ഖനനത്തിന്റെ ഔദ്യോഗിക ഉദ്ഘാടനത്തിന് ശേഷം സംസാരിക്കുകയായിരുന്നു അദ്ദേഹം.

ഇന്ത്യയുടേയും കേരളത്തിന്റേയും സാമ്പത്തിക- വ്യവസായ മേഖലയ്ക്ക് പുതിയ പ്രതീക്ഷകൾ നല്കുന്നതാണ് എണ്ണഖനനം. ഇന്നലെ രാവിലെ നെടുമ്പാശ്ശേരി വിമാനത്താവളത്തിൽ നിന്നും ഹെലികോപ്ടറിൽ റിഗ്ഗിലേക്ക് പോയ ഒ എൻ ജി സി സംഘമാണ് ആഴക്കടലിലെ ഖനനത്തിന് ഔദ്യോഗികമായി തുടക്കം കുറിച്ചത്. ഒ എൻ ജി സി ചെയർമാനും മാനേജിംഗ് ഡയറക്ടറുമായ ആർ എസ് ശർമ ഉൾപ്പെടെയുള്ള ബോർഡ് ഓഫ് ഡയറക്ടേഴ്സ് അംഗങ്ങളും ഉന്നത ഉദ്യോഗസ്ഥരുമാണ് സംഘത്തിലുണ്ടായിരുന്നത്. എണ്ണ- പ്രകൃതി വാതക കമ്മിഷന്റെ നേതൃത്വത്തിലുള്ള ഖനനത്തിനായി ധീരുഭായ് ഡീപ്പ് വാട്ടർ കെ ജി ഒന്ന് എന്ന അത്യാധുനിക റിഗ് കൊച്ചിയിൽ നിന്നും 70 നോട്ടിക്കൽ മൈൽ അകലെ സ്ഥാപിച്ചിട്ടുണ്ട്.

മലബാർ തീരങ്ങളിലും കേരള- കൊങ്കൺ തടങ്ങളിലും എണ്ണ- പ്രകൃതി വാതക പര്യവേക്ഷണവും ഖനനവും നടന്നിട്ടുണ്ടെങ്കിലും ചെലവേറിയ ആഴക്കടൽ ഖനനം നടത്തുന്നത് ആദ്യമായാണ്. ഈ മേഖലയിൽ ഏഴുമാസമായി ഒ എൻ ജി സി നടത്തുന്ന ഖനനത്തിലും പഠനത്തിലും എണ്ണയുടെയും പാചക വാതകത്തിന്റെയും സാന്നിധ്യം കണ്ടെത്തിയിരുന്നു. ഇത് എത്രത്തോളമുണ്ടെന്ന് സ്ഥിരീകരിക്കാനാണ് 35000അടി വരെ കുഴിക്കാൻ ശേഷിയുള്ള റിഗ് ഉപയോഗിച്ച് ഖനനം നടത്തുന്നത്.

റിലയൻസ് ഇൻഡസ്ട്രീസിൽ നിന്ന് അഞ്ച്ലക്ഷം രൂപ ദിവസ വാടകയ്ക്ക് എടുത്ത റിഗ് ഉപയോഗിച്ചാണ് ഖനനം നടത്തുന്നത്. നാല് വർഷത്തേക്ക് 3915 കോടി രൂപയാണ് ധീരുഭായ് റിഗിന് ഒ എൻ ജി സി വാടക നല്കുന്നത്. വൻ എണ്ണ നിക്ഷേപമുണ്ടെന്ന പ്രതീക്ഷയിലാണ് വൻ തുക ചെലവഴിച്ചുള്ള ദൗത്യത്തിന് ഒ എൻ ജി സി മുന്നിട്ടിറങ്ങിയത്. ഒരാഴ്ച മുമ്പ് കേരള തീരത്തെത്തിയ റിഗിൽ ഇരുനൂറോളം ജീവനക്കാരുണ്ടാകും. റിഗ് 24 മണിക്കൂറും പ്രവർത്തിക്കും.



പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളുടെ മൃതദേഹത്തിന് മുഖ്യമന്ത്രി വി എസ് അച്യുതാനന്ദൻ അന്ത്യാഞ്ജലി അർപ്പിക്കുന്നു

FAROOK COLLEGE LIBRARY
DATE
Malabar Diabetes Foundation



# വിവാദങ്ങളെ നിശബ്ദമാക്കിയ മിതഭാഷി

**കോഴിക്കോട്:** ധർമബോധത്തിന്റെ ഉദാത്തമൂല്യങ്ങൾ നെഞ്ചിലേറ്റിയ തേജസ്വിയായ പച്ച മനുഷ്യൻ. അധികാരസിംഹാസനങ്ങളുടെ പടികയറാതെ ജനഹൃദയങ്ങളിൽ സിംഹാസനം പണിത മഹാനുഭാവന് വികാരനിർഭരമായ യാത്രാമൊഴി.

മൂല്യരാഷ്ട്രീയത്തിന്റെ ഹരിതകണങ്ങൾ ചിറകിലേറ്റി വിശുദ്ധിയുടെ നറുനിലാവു പരത്തിയ ശിഹാബ് തങ്ങളുടെ വിയോഗത്തോട് നിറകണ്ണുകളോടെയാണ് കേരളം പ്രതികരിച്ചത്. ന്യൂനപക്ഷ രാഷ്ട്രീയത്തിന്റെ ഹരിതക്കൊടിയുമായി ജനലക്ഷങ്ങളെ സ്വാധീനിച്ച പ്രിയനേതാവിനെ ഒരുനോക്കു കാണാനും നിത്യശാന്തിക്കായി പ്രാർഥിക്കാനും വിങ്ങുന്ന മനസുമായി ജനലക്ഷങ്ങളാണ് പാണക്കാട്ടേക്ക് ഒഴുകിയത്. നാലുപതിറ്റാണ്ടുകാലത്തോളം മുസ്‌ലിംലീഗ് രാഷ്ട്രീയത്തിന് ധീര നേതൃത്വം നല്കി സംഘടനയെ അനാഥമാക്കിക്കൊണ്ടുള്ള തങ്ങളുടെ വേർപാടിൽ നാടും നഗരവും തേങ്ങുകയാണ്.

പലരുടെയും രാഷ്ട്രീയരാശി കരുപ്പിടിപ്പിച്ച് ഉയരങ്ങളിലേക്കു വിട്ട മഹാനുഭാവനാണു തങ്ങൾ. അത്യുന്നത പദവികൾ ലഭിക്കുമായിരുന്നിട്ടും എല്ലാം അദ്ദേഹം നിരാകരിച്ചു. ഔദ്യോഗിക പദവികളൊന്നും അലങ്കരിക്കാതെ എല്ലാ സ്ഥാനങ്ങളും നിയന്ത്രിച്ച് പ്രൊട്ടോകോളുകൾ മറികടക്കുന്ന വ്യക്തിപ്രഭാവമായിരുന്നു തങ്ങളുടേത്. പ്രബലമായ ഒരു രാഷ്ട്രീയപാർട്ടിയുടെ നേതൃത്വം മാത്രമല്ല, ഭരണമുന്നണിക്ക് നെടുനായകത്വം വഹിക്കുമ്പോഴും ജനാധിപത്യ ഭരണകൂടസംവിധാനങ്ങളിലെ ഒരു കുഞ്ചികസ്ഥാനം പോലും അദ്ദേഹം ഏറ്റെടുത്തില്ല.

അധികാരങ്ങളില്ലാതെ തന്നെ അധികാരസ്ഥാനത്തിരുന്ന മഹത് വ്യക്തിയായിരുന്നു തങ്ങൾ. സ്നേഹത്തിന്റെയും ലാളിത്യത്തിന്റെയും തീർഥകണങ്ങൾ വിതറി, പക്വതയുടെയും പാണ്ഡിത്യത്തിന്റെയും പ്രഭ പരത്തി, മതസൗഹാർദത്തിന്റെയും മതസഹിഷ്ണുതയുടെയും ഉജ്വലഭാവങ്ങൾ പകർന്ന്, വിശുദ്ധിയുടെ തീർഥഭൂവിലേക്ക് നടന്നകന്ന ആ കറകളഞ്ഞ മതഭക്തൻ, മത-രാഷ്ട്രീയ നേതൃരംഗത്ത് സവിശേഷമായ എമ്പാടും മൂല്യവിചാരങ്ങളും തത്വങ്ങളും വരച്ചുകാട്ടാനും മറന്നില്ല.

പ്രശ്നങ്ങൾ പരിഹരിക്കാനും വിവാദങ്ങളെ നിശ്ശബ്ദമാക്കാനും കുറഞ്ഞ വാക്കുകൾ കൊണ്ട് ഈ പ്രതിഭയ്ക്കു സാധിച്ചു. വിവാഹം, കുടുംബ പ്രശ്നം, പ്രാദേശിക പ്രശ്നങ്ങൾ തുടങ്ങി ദേശീയ രാഷ്ട്രീയ പ്രശ്നങ്ങൾ വരെ കൊടപ്പനക്കൽ തറവാട്ടിലെത്തി. ചുരുക്കിപ്പറഞ്ഞാൽ അവിടെ എത്താത്ത പ്രശ്നങ്ങളും നേതാക്കളും നന്നേ കുറവായിരുന്നു. താഴെയക്കിടയിലുള്ളവർ തൊട്ട് അത്യുന്നതങ്ങളിൽ വരെയുള്ളവർ വരെ പല ആവശ്യങ്ങൾക്കായി അവിടെ എത്തി. എല്ലാവരും ആശ്വാസ വാക്കുകളുമായി മടങ്ങുന്നു.



ഒരു ജനകീയ കോടതിയായിരുന്നു കൊടപ്പനക്കൽ തറവാട്. വക്കീലില്ലാത്ത, സ്റ്റാമ്പ് പേപ്പർ ഒടുക്കാത്ത ലാളിത്യം നിറഞ്ഞ ജനകീയ കോടതി. ഫീസില്ലാതെ ആർക്കും കേസ് വാദിക്കാവുന്ന കോടതി. കേസ് തീർപ്പാക്കിയാലും പണച്ചെലവില്ല. വാദിക്കും പ്രതിക്കും പ്രശ്നമില്ലാതെ സന്തോഷത്തോടെ മടക്കം.

നീറുന്ന ആയിരക്കണക്കിനു പ്രശ്നങ്ങൾക്കു ശമന ഔഷധം നല്കിയ പാണക്കാട് കൊടപ്പനക്കൽ തറവാട് അങ്ങനെയാണ്. പല രാഷ്ട്രീയ നേതാക്കളുടെയും വീട്ടിനു മുമ്പിൽ തൊഴിലാളികളുടെയും ഉദ്യോഗസ്ഥരുടെയും വിവിധ സമരമുറകൾ അരങ്ങേറിയിട്ടുണ്ട്. പക്ഷേ, കോടപ്പനക്കൽ തറവാട്ടു മുറ്റത്ത് അത്തരം പ്രതിഷേധങ്ങളൊന്നുമുണ്ടായിരുന്നില്ല. അവിടെ ആശ്വാസത്തിന്റെയും സേവനത്തിന്റെയും തെളിനീരുറവയായിരുന്നു. അനുയായികൾ മാത്രമല്ല, എതിരാളികളും അവിടെ എത്തി. പരാതിയും പരിഭവും കേട്ട് എല്ലാവർക്കും സ്വീകാര്യമായ ഫോർമുല ഉരുത്തിരിയുന്നു. അങ്ങനെ നിറഞ്ഞ മനസുമായാണവർ തിരിച്ചുപോകുക.

രാഷ്ട്രീയ പ്രതിയോഗികൾ പോലും ഏറെ ആദരവോടെ ഓർക്കുന്ന വ്യക്തിയായിരുന്നു തങ്ങൾ. വികാരങ്ങളെ വിചാരങ്ങൾക്കു നടുവിൽ വഴിനടത്താനായിരുന്നു അദ്ദേഹത്തിനു താത്പര്യം. വിവിധ സമുദായങ്ങൾ തമ്മിലും മുസ്‌ലിം സംഘടനകൾ തമ്മിലും സ്നേഹച്ചങ്ങല തീർക്കുന്നതിലും തങ്ങളുടെ നേതൃപാടവം സ്മരണീയമാണ്. അതുകൊണ്ടാണ് മതേതര കേരളത്തിന്റെ പതാകവാഹകനായി ചരിത്രം തങ്ങളെ വിശേഷിപ്പിക്കുന്നത്. കൂടുതൽ നേരം ഒച്ചവെക്കുന്ന ഒരു സമുദായത്തെ, കുറച്ചുമാത്രം സംസാരിച്ച് കൂടുതൽ നേരം കർമഗോദയിലിറക്കാനും ഈ നേതാവിനായി.

വാദകോലാഹലങ്ങളുടെ മുനയൊടിക്കുന്നതിലും ഈ മിതഭാഷിയുടെ കഴിവ് അപാരമായിരുന്നു. പ്രകോപനത്തിന്റെ ഭാഷ ശിഹാബ് തങ്ങൾക്കു വശമില്ലായിരുന്നു. എന്നാൽ കുറഞ്ഞ വാക്കുകളിൽ ഇരുത്തിച്ചിന്തിപ്പിക്കുന്ന അർഥവത്തായ ഇടപെടലുകൾക്ക് തങ്ങൾ ഒട്ടും പിശുക്കു കാട്ടിയിരുന്നില്ല.

ഐസ്ക്രീംപാർലർ പ്രശ്നം കത്തിനിന്ന സമയം. കേരളം സംഘർഷഭരിതമായ ഘട്ടം. ഇതേത്തുടർന്ന് അന്ന് പ്രതിപക്ഷ നേതാവായിരുന്ന വി എസ് അച്യുതാനന്ദൻ 'പാണക്കാട് തങ്ങളെ അറസ്റ്റുചെയ്യണമെന്ന്' പ്രസ്താവനയിറക്കി. അപ്പോൾ 'തന്നെ അറസ്റ്റു ചെയ്താൽ പ്രശ്നം തീരുമെങ്കിൽ സന്തോഷമേയുള്ളൂ' വെന്ന തങ്ങളുടെ പ്രതികരണം എല്ലാ ശരവർഷങ്ങളുടെയും മുനയൊടിക്കുകയായിരുന്നു. നൻമകളുടെ, ക്ഷമയുടെ ഒരു വൻ മിനാരമാണ് തേജസ്വിയായ ആ പച്ച മനുഷ്യന്റെ വിയോഗത്തിലൂടെ കൈരളിക്ക് നഷ്ടമായത്.

## സ്ഥാപനങ്ങൾക്ക് അവധി

**വടകര:** എം ഐ സഭയുടെ കീഴിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഇന്ന് അവധിയായിരിക്കുമെന്ന് മാനേജർ എം കെ മൻസൂർ ഹാജി അറിയിച്ചു. വില്യാപ്പള്ളി മുസ്‌ലീം ജമാഅത്തിന് കീഴിലുള്ള എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും ഇന്ന് അവധിയായിരിക്കുമെന്ന് സെക്രട്ടറി അറിയിച്ചു.

**മുക്കം:** ശിഹാബ്തങ്ങളുടെ നിര്യാണത്തിൽ അനുശോചിച്ച് നെല്ലിക്കാപ്പറമ്പ് ഗ്രീൻവാലി സ്ഥാപനങ്ങൾക്ക് ഇന്ന് അവധിയായിരിക്കുമെന്ന് അധികൃതർ അറിയിച്ചു.

## 1175 പേർക്ക് ചിക്കുൻഗുനിയ; 891 പേർക്ക് മഞ്ഞപ്പിത്തം; 121 പേർക്ക് മലേറിയ

# പകർച്ചപ്പനി: കേന്ദ്ര സംഘമെത്തി; ഇന്ന് മുതൽ ജില്ലയിൽ പര്യടനം

■ വർത്തമാനം ബ്യൂറോ /കോഴിക്കോട്

ജില്ലയിൽ വ്യാപകമായ പകർച്ചപ്പനിയെ കുറിച്ച് പഠിക്കാൻ കേന്ദ്ര സർക്കാർ നിയോഗിച്ച നാലംഗ വിദഗ്ധസംഘം കോഴിക്കോട്ടെത്തി. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി അസി. ഡയറക്ടർ ഡോ. ജേക്കബ് ജോർജ്, പൂനെയിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ഡെപ്യൂട്ടി ഡയറക്ടർ ഡോ. ബി വി താന്തുലേ, ആൻറമാൻ നിക്കോബർ ഐ സി എം ആർ ഡെപ്യൂട്ടി ഡയറക്ടർ ഡോ. സുഗതൻ, റീജ്യണൽ മെഡിക്കൽ റിസർച്ച് സെന്റർ റിസർച്ച് ഓഫിസർ ഡോ. ഷമീർ ശർമ്മ എന്നിവരാണ് സംഘത്തിലുള്ളത്.

സംഘം ഇന്ന് മുതൽ രണ്ടു ടീമുകളായി ജില്ലയുടെ വിവിധ ഭാഗങ്ങളിൽ പര്യടനം നടത്താൻ എം കെ രാഘവൻ എം പിയുടെ സാന്നിധ്യത്തിൽ കലക്ടറേറ്റിൽ ചേർന്ന യോഗത്തിൽ തീരുമാനമായി. അഞ്ചുവരെ സംഘം ജില്ലയിൽ ക്യാംപ് ചെയ്യും.

ഇന്ന് ആദ്യസംഘം പനങ്ങാട്, ബാലുശ്ശേരി പഞ്ചായത്തുകളിലും രണ്ടാമത്തെ സംഘം കൊയിലാണ്ടി, അത്തോളി പഞ്ചായത്തുകളിലും പര്യടനം നടത്തും. നാലിന് ഉള്ളിയേരി, നരിക്കുനി, കോടഞ്ചേരി പഞ്ചായത്തുകളിൽ ആദ്യസംഘവും കുറ്റ്യാടി, നാദാപുരം പഞ്ചായത്തുകളിൽ രണ്ടാമത്തെ സംഘവും പര്യടനം നടത്തും. അഞ്ചിന് ഒരു സംഘം നഗരത്തിലും രണ്ടാമത്തെ സംഘം മരുതോങ്കര പഞ്ചായത്തിലും സന്ദർശനം നടത്തും. രോഗികളെ നേരിൽക്കണ്ട് പനിമേഖലകളിൽ നിന്ന് ശേഖരിക്കുന്ന സാമ്പിളുകൾ സഹിതം കേന്ദ്രത്തിന് വിദഗ്ധ റിപ്പോർട്ട് സമർപ്പിക്കും. ജില്ലയിൽ രണ്ടുലക്ഷത്തിൽപ്പരം പേർ മൂന്ന് മാസത്തോളമായി പലതരത്തിലുള്ള പകർച്ചപ്പനി ബാധിച്ചിട്ടുണ്ടെന്ന് എം കെ രാഘവൻ എം പി അവലോകന യോഗത്തിൽ ചൂണ്ടിക്കാട്ടി. ഈ പശ്ചാത്തലത്തിലാണ് താൻ പ്രശ്നം ലോക്സഭയിൽ ഉന്നയിച്ചതെന്ന് അദ്ദേഹം പറഞ്ഞു.

കേന്ദ്രസർക്കാറിന്റെ ശ്രദ്ധയിൽപ്പെടുത്തിയ ഉടൻതന്നെ നടപടിയുണ്ടായി. ഇത്തരം സാഹചര്യം എങ്ങനെയുണ്ടായെന്ന് കണ്ടെത്താനും ആവർത്തിക്കാതിരിക്കാനുമുള്ള വഴിയാണ് കേന്ദ്രസംഘത്തിന്റെ പര്യടനത്തിലൂടെ ലക്ഷ്യമിടുന്നത്. വിദഗ്ധ സംഘത്തിന്റെ റിപ്പോർട്ട് ലഭിച്ചാൽ നടപടിയെടുക്കുമെന്ന് കേന്ദ്ര ആരോഗ്യ മന്ത്രി ഗുലാം നബി ആസാദ് വ്യക്തമാക്കിയതായി ജില്ലാ കലക്ടർ ഡോ. പി ബി സലീം അറിയിച്ചു. കോഴിക്കോട് ജില്ലയിൽ പകർച്ചപ്പനിയുള്ളത് കർമ്മ സമിതി സജീവമാകാത്ത ഭാഗങ്ങളിലാണെന്ന് ജില്ലാ കലക്ടർ വ്യക്തമാക്കി.

കൊതുക് നിവാരണത്തിന് ഫോഗിങ് നൂറു ശതമാനം ഫലപ്രദമായില്ലെന്നും അദ്ദേഹം പറഞ്ഞു. 2006-ൽ ഒളവണ്ണ പഞ്ചായത്തിൽ മാത്രമായിരുന്നു ചിക്കുൻഗുനിയ ബാധിച്ചത്. എന്നാൽ ഈ വർഷം ജില്ലയുടെ മിക്കവാറും എല്ലാ ഭാഗത്തും ചിക്കുൻഗുനിയ സ്ഥിരീകരിച്ചിട്ടുണ്ടെന്ന് അവലോകന യോഗത്തിൽ ആരോഗ്യവകുപ്പ് ഉദ്യോഗസ്ഥർ ചൂണ്ടിക്കാട്ടി.

ഈ വർഷം 1175 പേർക്ക് ചിക്കുൻഗുനിയ സ്ഥിരീകരിച്ചതായും 891 പേർക്ക് മഞ്ഞപ്പിത്തവും 121 പേർക്ക് മലേറിയയും ബാധിച്ചതായി ഡെപ്യൂട്ടി ഡി എം ഒ ബെറ്റി ജോസ് യോഗത്തെ അറിയിച്ചു. ഒരാൾക്ക് ഡെങ്കിപ്പനി സ്ഥിരീകരിച്ചിട്ടുണ്ടെന്നും അഞ്ചു പേർ രോഗമുണ്ടെന്ന സംശയത്തിലാണെന്നും അവർ വ്യക്തമാക്കി.

അതേസമയം യോഗത്തിൽ ഡി എം ഒ പങ്കെടുക്കാതിരുന്നതിനെതിരെ വിമർശനമുയർന്നു. കേന്ദ്ര സംഘം പങ്കെടുത്ത അവലോകന യോഗത്തിൽ ഡി എം ഒ എത്താതിരുന്നത് തികഞ്ഞ അനാസ്ഥയാണ് എം കെ രാഘവൻ എം പി ആരോപിച്ചു. ഡി എം ഒ ഇല്ലാത്തത് ഗുരുതരമായ വീഴ്ചയാണെന്ന് എം പി ചൂണ്ടിക്കാട്ടി. ഡി എം ഒയെ കുറിച്ച് നിരവധി പരാതികൾ മാധ്യമ പ്രവർത്തകരും ഉന്നയിച്ചു.

പനി സംബന്ധിച്ച വിവരങ്ങൾ ആരായുമ്പോൾ ഡി എം ഒ നിഷേധാത്മക നിലപാടാണ് സ്വീകരിക്കാറുള്ളതെന്ന് മാധ്യമ പ്രവർത്തകരും ജില്ലാ കലക്ടറുടെ ശ്രദ്ധയിൽപ്പെടുത്തി. പ്രശ്നം ഗൗരവത്തോടെ കാണുമെന്ന് കലക്ടർ മറുപടി നൽകി.

കോഴിക്കോട്: പാണക്കാട് തങ്ങളുടെ നിര്യാണത്തിൽ മുസ്‌ലീം സമുദായത്തിന്റെ രാഷ്ട്രീയ, വിദ്യാഭ്യാസ, സാമൂഹിക സാംസ്കാരിക രംഗത്ത് തീർത്താൽ തീരാത്ത നഷ്ടമാണെന്ന് കെ എം സി ടി ചെയർമാൻ ഡോ. കെ മൊയ്തു അനുശോചന സന്ദേശത്തിൽ പറഞ്ഞു. വിദ്യാഭ്യാസപരമായി പിന്നാക്കമായിരുന്ന മുസ്‌ലീം സമുദായത്തെ ഇന്നത്തെ നിലയിൽ വളർത്തി കൊണ്ടുവരാൻ തങ്ങൾ ചെയ്ത സേവനങ്ങൾ മഹത്വരമായിരുന്നുവെന്ന് അദ്ദേഹം അനുസ്മരിച്ചു.

കേരളത്തിന് കനത്ത നഷ്ടമാണ് തങ്ങളുടെ മരണം സൃഷ്ടിച്ചിരിക്കുന്നതെന്ന് ന്യൂനപക്ഷ വിദ്യാഭ്യാസ സമിതി അനുശോചന സന്ദേശത്തിൽ പറഞ്ഞു. പി കെ മുഹമ്മദ് ഹാജി അധ്യക്ഷത വഹിച്ചു. മുസ്തഫ മുണ്ടുപ്പാറ, നടുക്കണ്ടി അബൂബക്കർ, നിസാർ ഒളവണ്ണ, കെ മൊയ്തീൻകോയ അത്തോളി, സലാം പറവണ്ണ, എം എം അബ്ദുറഹിമാൻ എന്നിവർ പ്രസംഗിച്ചു.

മുസ്‌ലീം ഐക്യത്തിന്റെ ചാലകശക്തിയും മറ്റ് സമുദായങ്ങളുമായി സൗഹൃദം സ്ഥാപിക്കന്നതിന്റെ അവധൂതനുമായിരുന്നു തങ്ങളെന്ന് ഇസ്‌ലാമിക് സ്റ്റുഡൻസ് അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് നൗഷാദ് സലീം അനുശോചന സന്ദേശത്തിൽ പറഞ്ഞു.

തങ്ങളുടെ നിര്യാണത്തിൽ പോപ്പുലർ ഫ്രണ്ട് ജില്ലാ കമ്മറ്റി അനുശോചിച്ചു. പ്രസിഡന്റ് മുഹമ്മദ് നദ്‌വി അധ്യക്ഷത വഹിച്ചു. മുസ്തഫ, ഇസ്മയിൽ, നാസർ, ബഷീർ, എന്നിവർ പ്രസംഗിച്ചു.

പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ നിര്യാണത്തിൽ പേരാമ്പ്രയിലും ഹർത്താലും സർവകക്ഷിയോഗവും നടത്തി. സമീപ പ്രദേശങ്ങളിലെ ചെറുകിട ഗ്രാമങ്ങളിൽ പോലും ശിഹാബ് തങ്ങളുടെ ആകസ്മിക വിയോഗത്തിൽ ദു:ഖം രേഖപ്പെടുത്തുവാനായി മണിക്കൂറോളം കടകളടച്ചു.

വൈകീട്ട് പേരാമ്പ്ര ടൗണിൽ നടന്ന അനുശോചനയോഗത്തിൽ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കെ പി ഗോപി അധ്യക്ഷത വഹിച്ചു. മുൻ എം എൽ എ എ കെ പത്മനാഭൻ, എ അമ്മദ്, എ കെ ചന്ദ്രൻ, പി പി കൃഷ്ണാനന്ദൻ, കുഞ്ഞിരാമൻ, കെ ബാലനാരായണൻ, ഗോപാലകൃഷ്ണൻ തണ്ടോറപ്പാറ, രാജീവൻ മല്ലിശ്ശേരി പ്രസംഗിച്ചു.

വാല്യക്കോട് ടൗണിൽ സർവകക്ഷി അനുശോചന യോഗവും മൗനജാഥയും നടത്തി. മേപ്പയ്യൂർ, ഇരിങ്ങത്ത്, പാലച്ചോട്, തുറയൂർ എന്നിവിടങ്ങളിലും പരേതനോടുള്ള ആദരവ് പ്രകടിപ്പിച്ച് ഹർത്താലാചരിച്ചു.

പന്നിക്കോട് ലൗഷോർ ഇൻസിറ്റ്യൂട്ടിൽ നടന്ന അനുശോചന യോഗത്തിൽ ചെയർമാൻ യു അബ്ദുല്ല ഫാറൂഖി, വർക്കിംഗ് ചെയർമാൻ സി മോയിൻക്കുട്ടി, സെക്രട്ടറി യു എ മുനീർ എന്നിവർ പ്രസംഗിച്ചു. രണ്ട് വർഷം മുമ്പ് ന്ന സ്കൂളിന്റെ കെട്ടിട ഉദ്ഘാടന ചടങ്ങിൽ തങ്ങൾ പങ്കെടുത്തിരുന്ന കാര്യം ചടങ്ങിൽ അനുസ്മരിച്ചു. കാരശ്ശേരി സർവിസ് സഹകരണ ബാങ്ക് ഡയരക്ടർ ബോർഡ് യോഗം അനുശോചിച്ചു. പ്രസിഡന്റ് എൻ കെ അബ്ദുറഹിമാൻ അധ്യക്ഷത വഹിച്ചു.

വടകരയിൽ നടന്ന അനുശോചന യോഗത്തിൽ എം കെ പ്രംനാഥ് എം എൽ എ അധ്യക്ഷത വഹിച്ചു. പ്രഫ. കെ കെ മഹമ്മൂദ് അനുശോചന പ്രമേയം അവതരിപ്പിച്ചു. നഗരസഭാ ചെയർമാൻ ടി പി ചന്ദ്രൻ, ടി കേളു, സി എച്ച് നാണു, എടയത്ത് ശ്രീധരൻ, പി അശോകൻ, ഒ കെ ചന്ദ്രൻ, സി കെ മൊയ്തു, പൊന്നാറത്ത് ബാലകൃഷ്ണൻ, അഡ്വ. ടി നാരായണൻ, എ കെ നിസാർമാസ്റ്റർ, ആർ സത്യനാഥ്, വി സലാം, ടി എ നാസർ എന്നിവർ പ്രസംഗിച്ചു.

കുന്ദമംഗലത്ത് നടന്ന സർവകക്ഷി യോഗത്തിൽ പഞ്ചായത്ത് പ്രസിഡന്റ് കെ രമാദേവി ടീച്ചർ അധ്യക്ഷത വഹിച്ചു. യു സി രാമൻ എം എൽ എ, ഖാലിദ് കിളിമുണ്ട, തെഞ്ചേരി വേലായുധൻ, ടി പി സുരേഷ്, പി ശിവദാസൻ നായർ, ഐസക്ക് മാസ്റ്റർ, പി കെ ബാപ്പുഹാജി, ഒ വേലായുധൻ, പി ഗോവിന്ദൻ നായർ, രവീന്ദ്രൻ, ഒ ഹുസൈൻ കെ പി കോയ എന്നിവർ പ്രസംഗിച്ചു.

നരിക്കുനിയിൽ നടന്ന അനുശോചന യോഗത്തിൽ ടി പി ഖാദർ അധ്യക്ഷത വഹിച്ചു. വി ബാബു, പി പി അബ്ദുൾജബ്ബാർ, ഇ പി ചെറുട്ടി മാസ്റ്റർ, ടി പി ഗോപാലൻ, പി പി ഇബ്രാഹിം മുസ്‌ലിയാർ, പി പി മുഹ്‌യുദ്ദീൻ കുട്ടി മുസ്‌ലിയാർ, സി കെ മഹമ്മൂദ് മുസ്‌ലിയാർ, ടി പി ജയചന്ദ്രൻ, സന്തോഷ്, എം കെ സി റഷീദ്, എം പി അഹമ്മദ് കുട്ടി, കെ നാരായണൻ നായർ, എൻ ഉമ്മർ ഹാജി, കെ മനോജ്, പി കെ അബ്ദുറഹിമാൻ, എം സി ഇഖ്ബാൽ, പി മിഅ്ജഅ്, സി കെ സലീം, കെ സി ഖാദർ, വി വി ഇല്യാംസ്, ടി കെ ഉമറുൽ ഫാറൂഖ് എന്നിവർ പ്രസംഗിച്ചു.



പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളുടെ മൃതദേഹം പൊതുദർശനത്തിനു വെച്ച മലപ്പുറം ടൗൺഹാളിനു മുന്നിൽ തടിച്ചു കൂടിയ ജനം



മൃതദേഹത്തിനരികെ ഹൈദരലി ശിഹാബ് തങ്ങളെ ആശ്വസിപ്പിക്കുന്ന രമേശ് ചെന്നിത്തല



പ്രതിപക്ഷ ഉപനേതാവ് ജി കാർത്തികേയൻ, സമദാനി, കുഞ്ഞാലിക്കുട്ടി തുടങ്ങിയവർ



എം എം ഹസൻ


പ്രവേശനം ആരംഭിച്ചു

- ഡി . സിവിൽ With Auto CAD യോഗ്യത: SSLC
- ഹെൽത്ത് സാനിറ്ററി ഇൻസ്പെക്ടർ: യോഗ്യത +2 സയൻസ്
- ഇലക്ട്രോണിക്സ് & TV എഞ്ചിനീയറിംഗ്: യോഗ്യത SSLC
- AC ടെക്നീഷ്യൻ With Apprenticeship

കോമള
ITC & ടെക്നിക്കൽ ഇൻസ്റ്റിറ്റ്യൂട്ട്
AVS റോഡ്, കോട്ടക്കൽ Ph: 9447145621

**വർത്തമാനം**

2009 ആഗസ്ത് 3 തിങ്കൾ

1430 ശഅ്ബാൻ 11 1184 കർക്കിടകം 18


## പാണക്കാട് ശിഹാബ് തങ്ങൾ

പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങൾ അന്തരിച്ചു. പതിനായിരങ്ങളെ സാക്ഷിനിർത്തി പാണക്കാട് ജുമാ മസ്ജിദ് ഖബ്ർസ്ഥാനിൽ അദ്ദേഹത്തിന്റെ ഭൗതികശരീരം അടക്കംചെയ്തു. മലപ്പുറം ടൗൺഹാളിൽ പൊതുദർശനത്തിനു വെച്ച നേതാവിനെ അവസാനമായി കാണാൻ പതിനായിരങ്ങൾ വന്നുചേർന്നു. ടൗൺഹാൾ പരിസരത്തേക്ക് അടുക്കാൻ കഴിയാതെ ഒട്ടേറെ പ്രഗത്ഭരും അനുയായികളും പാതിവഴിയിൽ വെച്ച് തിരിച്ചുപോയി.

അടുത്ത കാലത്തൊന്നും ഇതുപോലൊരു വിയോഗത്തിന് കേരളം സാക്ഷിയായിട്ടില്ല. മഹാനായ പാണക്കാട് തങ്ങളുടെ വിയോഗത്തെ ആകസ്മികമെന്നോ അപ്രതീക്ഷിതമെന്നോ ഞങ്ങൾ വിശേഷിപ്പിക്കുന്നില്ല. മരണം സുനിശ്ചിതമാണ്. ഇസ്‌ലാമിക വിശ്വാസപ്രകാരം ഏത് സമയത്തും ദൈവത്തിന്റെ വിളിക്ക് ഉത്തരം നല്കാൻ വിശ്വാസികൾ ബാധ്യസ്ഥരുമാണ്. അതിനാൽ ഈ വേർപാട് അസമയത്തെന്നോ അപ്രതീക്ഷിതമെന്നോ വിശേഷിപ്പിക്കുന്നില്ല.

എന്നാൽ ഈ വേർപാട് നോവല്ല; വേരറുത്തൊടുങ്ങലാണ്. അതിനാൽ തന്നെ ഇതൊരു മുറിവും വേദനയും ദുഖവുമാണ്. ഈ ദുഖം കടിച്ചമർത്താനാവാത്തതും ഈ വേർപാട് ഒരു പകരക്കാരനെക്കൊണ്ട് നികത്താനാവാത്തതുമാണ്. ആ അർഥത്തിൽ തങ്ങളുടെ വിയോഗം സൃഷ്ടിക്കുന്നത് ഒരുതരം ശൂന്യതയാണ്. അതെങ്ങനെ പരിഹരിക്കാനാവുമെന്നത് ദൈവനിശ്ചയമാണ്. ദൈവവിധിയിൽ എല്ലാം അർപ്പിച്ചും നാളെയെ പ്രതീക്ഷയോടെ കാത്തിരുന്നും ഈ വേദനാനിർഭരമായ വികാരത്തിന് അറുതിവരുത്തണം.

പാണക്കാട് തങ്ങൾ മീഡിയയും നാനാതുറകളിലുള്ള നേതാക്കളും വിശേഷിപ്പിക്കുന്നതുപോലെ സൗമ്യനും മിതഭാഷിയും കേരള രാഷ്ട്രീയത്തിലെ നിശ്ശബ്ദ സാന്നിധ്യവുമായിരുന്നു. ജനക്കൂട്ടത്തെ ഇളക്കിമറിക്കാവുന്ന ഒന്നുമദ്ദേഹത്തിന്റെ കൈയിലുണ്ടായിരുന്നില്ല. എന്നാൽ ജനലക്ഷങ്ങളെ അടക്കിയിരുത്താവുന്ന മാസ്മരമായ ഒരു ഭാവവും ശരീരഭാഷയും അദ്ദേഹത്തിനുണ്ടായിരുന്നു.

മുസ്‌ലിംലീഗിന്റെ സംസ്ഥാന പ്രസിഡന്റും അതുകൊണ്ട് തന്നെ കേരള രാഷ്ട്രീയത്തിലെ വിശിഷ്യ ഐക്യജനാധിപത്യ മുന്നണിയിലെ ഒടുവിലത്തെ കയ്യൊപ്പും പാണക്കാട് തങ്ങളുടേതായിരുന്നു. ചില സന്ദർഭങ്ങളിൽ അഖിലേന്ത്യാ രാഷ്ട്രീയത്തിലും അത് കണ്ടിരുന്നു. നെഹ്റു കുടുംബവുമായുള്ള പാണക്കാട് കുടുംബത്തിന്റെ അടുപ്പവും നെഹ്റു കുടുംബത്തിന് മുസ്‌ലിംലീഗിനോടും പാണക്കാട് കുടുംബത്തോടുമുള്ള മതിപ്പും ചില സന്ദർഭങ്ങളിലെങ്കിലും നിർണായകമായ തീരുമാനങ്ങളെടുക്കുന്നിടത്ത് ഈ കറുത്ത തൊപ്പിവെച്ച മഹാമനീഷിയുടെ സാന്നിധ്യം അനിഷേധ്യമാണെന്ന് തെളിയിക്കപ്പെട്ടിരുന്നു.

പാണക്കാട് ശിഹാബ് തങ്ങളെ ആത്മീയനേതാവായി വിശേഷിപ്പിക്കാറുണ്ട്...



കേന്ദ്രമന്ത്രി ഗുലാംനബി ആസാദ്, രമേശ് ചെന്നിത്തല എന്നിവർ ജനാസ സന്ദർശിക്കുന്നു



മുൻ രാഷ്ട്രപതി എ പി ജെ അബ്ദുൽകലാമിനോടൊപ്പം

# കരച്ചിലടക്കാനാകാതെ അഹമ്മദ്; നായകനായി കുഞ്ഞാലിക്കുട്ടി



**മലപ്പുറം:** പ്രിയനേതാവിന്റെ ജനാസക്ക് മുന്നിൽ സാധാരണക്കാർ മുതൽ നേതാക്കൾ വരെയുള്ളവർ വിങ്ങിപ്പൊട്ടി. തങ്ങളുടെ മരണമെന്ന യാഥാർത്ഥ്യവുമായി പൊരുത്തപ്പെടാൻ തുടക്കത്തിൽ ആർക്കുമാകുമായിരുന്നില്ല. ഏറ്റവും സജീവമായി പ്രവർത്തിച്ചുകൊണ്ടിരുന്ന വേളയിലാണ് ശിഹാബ് തങ്ങൾ വിടചൊല്ലിയത്.

മരുന്നുകൾ കൃത്യമായി കഴിക്കാറുണ്ടെങ്കിലും കാര്യമായ പ്രശ്നങ്ങൾ തങ്ങൾക്കുണ്ടായിരുന്നില്ല. പഞ്ചാബിലെ ഔദ്യോഗിക ചടങ്ങിൽ പങ്കെടുത്ത ശേഷം ഉച്ചയ്ക്കു രണ്ടു മണിയോടെയാണ് കേന്ദ്രമന്ത്രി ഇ അഹമ്മദ് മലപ്പുറത്തെത്തിയത്. പ്രിയനേതാവിന്റെ ജനാസക്ക് മുന്നിൽ അഹമ്മദ് ഏറെ നേരം വിങ്ങിപ്പൊട്ടി. അതേവരെ ദുഖം കടിച്ചുപിടിച്ചവർ പോലും പൊട്ടിക്കരഞ്ഞു.ദുഖമടക്കാനാകാതെ അഹമ്മദിന്റെ ശരീരം തളർന്നത് പോലെയായി. ഒപ്പമുള്ളവരുടെ കൈതാങ്ങാണ് അഹമ്മദിന് സഹായകമായത്.

എന്നും തങ്ങളുടെ ക്ഷേമവിവരം അന്വേഷിക്കുന്ന വ്യക്തികൂടിയായിരുന്നു അഹമ്മദ്.

തങ്ങൾ വിടചൊല്ലിയത് മുതൽ അവസാനയാത്ര വരെ കുഞ്ഞാലിക്കുട്ടി കൂടെയുണ്ടായിരുന്നു. ആളുകളെ ശാന്തരാക്കിയും നിർദ്ദേശങ്ങൾ നല്കിയും കുഞ്ഞാലിക്കുട്ടി തങ്ങളുടെ മൃതദേഹത്തിന് അടുത്ത് തന്നെയുണ്ടായിരുന്നു. ഒരു നിഴൽ പോലെ തങ്ങളെ തുടർന്ന കുഞ്ഞാലിക്കുട്ടി പലപ്പോഴും വിങ്ങിപ്പൊട്ടുകയും ചെയ്തു.

തങ്ങളുടെ മൃതദേഹം പാണക്കാട്ടെ കൊടപ്പനക്കൽ വസതിയിലെത്തിച്ചപ്പോൾ അവിടെ തള്ളിക്കയറുന്ന ജനത്തെ നോക്കി നിന്ന കുഞ്ഞാലിക്കുട്ടിയുടെ രൂപം ഏവരെയും കരയിച്ചു.

ഏതെങ്കിലും ചാനലുമായി സങ്കടം പങ്കുവെക്കാൻ പോലുമുള്ള മനസാന്നിധ്യം അദ്ദേഹത്തിന് നഷ്ടമായിരുന്നു.

ജനക്കൂട്ടം പലപ്പോഴും നിയന്ത്രണം വിട്ടപ്പോൾ അവരോട് കർക്കശമായി സംസാരിക്കാനും അടക്കിനിർത്താനും കുഞ്ഞാലിക്കുട്ടി മുന്നിട്ടിറങ്ങി. ഒരു സമയം പ്രതികരിക്കാനും പരിഹാരം കണ്ടെത്താനും കുഞ്ഞാലിക്കുട്ടി സമയം കണ്ടെത്തി.

മുസ്‌ലിം ലീഗ് അഖിലേന്ത്യ സെക്രട്ടറി എം പി അബ്ദുസമദ് സമദാനി, ഇ ടി മുഹമ്മദ് ബഷീർ, തങ്ങളുടെ സഹോദരങ്ങളായ ഹൈദരലി ശിഹാബ് തങ്ങൾ, സാദിഖലി ശിഹാബ് തങ്ങൾ, മക്കളായ മുനവറലി ശിഹാബ് തങ്ങൾ, ബഷീറലി ശിഹാബ് തങ്ങൾ, ഡോ എം കെ മുനീർ, യൂത്ത് ലീഗ് സംസ്ഥാന ജനറൽ സെക്രട്ടറി കെ എം ഷാജി തുടങ്ങിയവർ കുഞ്ഞാലിക്കുട്ടിയെ സഹായിക്കാൻ കൂടെയുണ്ടായിരുന്നു.

മലപ്പുറത്തിന്റെ ചരിത്രത്തിൽ ഇതാദ്യമായാണ് ഇത്രയേറെ ജനങ്ങൾ ഒരു ജനാസ ചടങ്ങിൽ പങ്കെടുക്കുന്നത്. ശിഹാബ് തങ്ങളുടെ പിതാവ് പൂക്കോയതങ്ങളുടെ ജനാസ ചടങ്ങിലും ഇതേപോലെ ജനലക്ഷങ്ങൾ പങ്കെട ു

ത്തിരുന്നതായി പഴമക്കാർ പറയുന്നു. അക്കാലത്ത് വള്ളുവമ്പ്രം അങ്ങാടി വരെ നീണ്ട വരിയുണ്ടായിരുന്നുവത്രെ.

പ്രവർത്തനവഴിയിൽ സമാധാനത്തിന്റെ തൂവെ...

കയാണ്. പഠിക്കുന്ന കാലത്ത് തന്നെ ശിഹാബ് തങ്ങളുടെ തൂലികയിൽ

ലിദിന്റെ ആത്മകഥ, പിരമിഡുകൾ, ഇബ്നു സിനയുടെയും അൽ ബിറൂനിയുടെയും

നിർദ്ദേശം നല്കലുമായിരുന്നു ചുമതല. ആ എട്ട്

## ...മെന്റംഗം

## ...രെ



## മൗനവ്രതമനുഷ്ഠിച്ചു

മലപ്പുറം: അന്തരിച്ച മുസ്‌ലിംലീഗ് സംസ്ഥാന പ്രസിഡന്റ് മുഹമ്മദലി ശിഹാബ് തങ്ങളോട് ആദരവ് പ്രകടിപ്പിച്ചുകൊണ്ട് കലക്ടറേറ്റ് പടിക്കലിൽ മദ്യനിരോധന സമിതിയുടെ സമര പന്തലിൽ മൗനവ്രതമനുഷ്ഠിച്ചു.

ശിഹാബ് തങ്ങളുടെ നിര്യാണത്തിൽ മദ്യനിരോധന സമിതി സംസ്ഥാന ജനറൽ സെക്രട്ടറി ഇയ്യച്ചേരി കുഞ്ഞികൃഷ്ണൻ, ജില്ലാ ഓർഗ. സെക്രട്ടറി എൻ എം ബാഷീർ, എൻ വി മുഹമ്മദലി, പത്മിനി സബർമതി എന്നിവർ അനുശോചിച്ചു.



പ്രതിപക്ഷനേതാവ് ഉമ്മൻ ചാണ്ടി, കെ എം മാണി എന്നിവർ മൃതദേഹം സന്ദർശിക്കുന്നു



എം ഐ ഷാനവാസ് എം പി ജനാസ സന്ദർശിക്കുന്നു



കെ പി സി സി പ്രസിഡന്റ് രമേശ് ചെന്നിത്തല

## വിശ്രമില്ലാതെ എല്ലാം നിയന്ത്രിച്ച് കുഞ്ഞാലിക്കുട്ടി

മലപ്പുറം: അവസാന യാത്രയിലും ശിഹാബ് തങ്ങളുടെ അന്തിമകർമങ്ങൾക്ക് കാര്യസ്ഥനെപ്പോലെ നേതൃത്വം നല്കാൻ കുഞ്ഞാപ്പ എന്ന പി കെ കുഞ്ഞാലിക്കുട്ടി തന്നെയായിരുന്നു.

ശനിയാഴ്ച രാത്രി മരണം സംഭവിച്ചതുമുതൽ മൃതദേഹത്തെ അനുഗമിച്ച കുഞ്ഞാലിക്കുട്ടി ഖബർസ്ഥാനിലെ ചടങ്ങുകൾക്ക്പോലും നേതൃത്വം നല്കിയതിന് ശേഷമാണ് കാര്യമായി വിശ്രമത്തിന് തന്നെ മുതിരുന്നത്. ജനനംകൊണ്ടല്ലെങ്കിലും പ്രവർത്തനംകൊണ്ട് പാണക്കാട് കുടുംബവുമായുള്ള കുഞ്ഞാപ്പ എന്ന കുഞ്ഞാലിക്കുട്ടിയുടെ ബന്ധത്തിന്റെ ആഴമാണ് ഇതുകാണിക്കുന്നത്.

ചെറുപ്പത്തിലെ ശിഹാബ് തങ്ങളുടെ പിതാവ് പാണക്കാട് പൂക്കോയതങ്ങളാണ് കുഞ്ഞാലിക്കുട്ടിയെ വളർത്തിയത്. സ്കൂൾ രേഖകളിൽ അദ്ദേഹമായിരുന്നു രക്ഷിതാവ്. അദ്ദേഹത്തിൽ തുടങ്ങിയ ബന്ധം ഒരു സഹോദരബന്ധം പോലെ പാണക്കാട് ശിഹാബ് തങ്ങളിലേക്കും എത്തുകയായിരുന്നു.

പ്രവർത്തനരംഗത്ത് പ്രസിഡന്റും സെക്രട്ടറിയുമാണെങ്കിലും അതിലപ്പുറം ഒരു ജ്യേഷ്ഠ സഹോദരൻപോലെയാണ് കുഞ്ഞാലിക്കുട്ടിക്ക് ശിഹാബ് തങ്ങളെന്നതും തെളിയിക്കുന്ന ദൃശ്യങ്ങൾക്കായിരുന്നു അന്തിമോപചാര ചടങ്ങുകളെ തെളിയിച്ചത്.



ശിഹാബ് തങ്ങളുടെ മയ്യിത്തിനരികിൽ പി കെ കുഞ്ഞാലിക്കുട്ടി

വർത്തമാനം



# ആദരാഞ്ജലികളോടെ കേരളം



അബ്ബാസലി ശിഹാബ് തങ്ങൾ, മുനവ്വറലി ശിഹാബ് തങ്ങൾ, അബ്ദുസ്സമദ് സമദാനി, പി കെ കുഞ്ഞാലിക്കുട്ടി, ഹൈദരലി ശിഹാബ് തങ്ങൾ, അഡ്വ. കെ എൻ കെ ഖാദർ



കേന്ദ്രമന്ത്രി വയലാർ രവി, ടി ശരത്ചന്ദ്രപ്രസാദ് തുടങ്ങിയവർ

## ഹൈദരലി ശിഹാബ് തങ്ങൾ താത്കാലിക പ്രസിഡന്റ്



**മലപ്പുറം:** മുസ്‌ലിം ലീഗ് സംസ്ഥാന പ്രസിഡന്റിന്റെ താത്കാലിക ചുമതല പാണക്കാട് ഹൈദരലി ശിഹാബ് തങ്ങൾക്ക്. സംസ്ഥാന പ്രസിഡന്റ് പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങളുടെ വിയോഗത്തെ തുടർന്നാണ് പുതിയ പ്രസിഡന്റിനെ ചുമതലപ്പെടുത്തിയത്. ഇന്നലെ വൈകിട്ട് പാണക്കാട് കൊടപ്പനക്കൽ വസതിയിൽ ചേർന്ന മുസ്‌ലിം ലീഗ് ഉന്നതാധികാര സമിതി യോഗത്തിന് ശേഷം അഖിലേന്ത്യാ പ്രസിഡന്റ് ഇ അഹമ്മദാണ് ഹൈദരലി ശിഹാബ് തങ്ങളുടെ പേര് പ്രഖ്യാപിച്ചത്. യോഗത്തിൽ ഇക്കാര്യം ഇ അഹമ്മദ് തന്നെ നിർദേശിക്കുകയായിരുന്നു. മുഴുവൻ അംഗങ്ങളും തക്ബീർ ചൊല്ലി ഏകകണ്ഠമായി ഇതിനെ പിന്തുണക്കുകയായിരുന്നു.

മുസ്‌ലിം ലീഗ് മലപ്പുറം ജില്ലാ പ്രസിഡന്റ് കൂടിയായ ഹൈദരലി എസ് വൈ എസ് സംസ്ഥാന പ്രസിഡന്റ് പദവിയും വഹിക്കുന്നുണ്ട്. ഈ തീരുമാനത്തിലൂടെ മുസ്‌ലിം ലീഗ് അതിന്റെ പാരമ്പര്യമാണ് കാത്തുസൂക്ഷിച്ചതെന്ന് ഇ അഹമ്മദ് പറഞ്ഞു. പാണക്കാട് കുടുംബവും മുസ്‌ലിം ലീഗുമായി അഭേദ്യമായ ബന്ധമുണ്ട്. തീരുമാനം നടപ്പാക്കുന്നതിന് പിന്നീട് യോഗം ചേരും.

പൂക്കോയ തങ്ങളുടെയും ശിഹാബ് തങ്ങളുടെയും പാതയിൽ പാണക്കാട് കുടുംബത്തിന്റെ നേതൃത്വത്തിൽ മുസ്‌ലിം ലീഗ് മുന്നോട്ട് പോകുമെന്ന് അഹമ്മദ് പറഞ്ഞു. റമദാൻ മാസം പൂർത്തിയാകുന്നത് വരെ പാർട്ടി പരിപാടികളെല്ലാം മാറ്റിവെച്ച് റിലീഫ് പ്രവർത്തനത്തിൽ പാർട്ടി ഏർപ്പെടുമെന്ന് സംസ്ഥാന ജനറൽ സെക്രട്ടറി പി കെ കുഞ്ഞാലിക്കുട്ടി പറഞ്ഞു. മുഹമ്മദലി ശിഹാബ് തങ്ങളുടെ പേരിൽ റിലീഫ് കമ്മിറ്റിയുണ്ടാക്കിയാണ് പ്രവർത്തനം നടത്തുക. ശിഹാബ് തങ്ങളുടെ വേർപാടിൽ പാർട്ടിക്കും കുടുംബത്തിനുമുണ്ടായ വേദനയിൽ പങ്കുചേർന്ന എല്ലാവരോടും കുഞ്ഞാലിക്കുട്ടി നന്ദി പറഞ്ഞു. ഇടതുപക്ഷ ഗവൺമെന്റ് അർഹിക്കുന്ന ആദരവാണ് തങ്ങൾക്ക് നല്കിയതെന്നും കുഞ്ഞാലിക്കുട്ടി പറഞ്ഞു.



കേന്ദ്രമന്ത്രിമാരായ ഗുലാംനബി ആസാദ്, ഇ അഹ്മദ് തുടങ്ങിയവർ മയ്യിത്ത് നമസ്കാരത്തിൽ പങ്കെടുക്കുന്നു

ഇന്ത്യൻ യൂണിയൻ മുസ്‌ലിം ലീഗിന്റെ സംസ്ഥാന അമരക്കാരൻ ഇനി ഓർമ്മച്ചിത്രങ്ങളിൽ. ദീപ്തവും സൗമ്യവുമായ പെരുമാറ്റംകൊണ്ട് മാതൃകയായ പാണക്കാട് മുഹമ്മദലി ശിഹാബ് തങ്ങൾക്ക് നിറകണ്ണുകളോടെയാണ് കേരളം യാത്രാമൊഴി ചൊല്ലിയത്. മഹാനായ നേതാവിന്റെ അന്ത്യയാത്രയുടെ ചില കാഴ്ചകളിലൂടെ

റിപ്പോർട്ട്: വഹീദ് സമാൻ, എ വി ഫർദിസ്
ചിത്രങ്ങൾ: കെ എം സാലിഹ്





